
# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 7 ലക്കം 3 പേജുകൾ 34 ജൂൺ 2026


കഥ



വി.പി. ജോൺസ്

കഥ



ദർശന

മാസിക ഒരോർമ്മ പുസ്തകം

പ്രിയ കവിക്ക് അശീതി ആശംസകൾ


62 YEARS OF TRUST
JOS ALUKKAS
A TRADITION OF FINE JEWELLERY
ഇഷ്ടമുള്ളത് അണിയൂ, രാജ്യത്തിന് അഭിമാനമാകൂ.
ലോകത്തിലെ തന്നെ ഏറ്റവും വലിയ സ്വർണ്ണശേഖരം നമ്മുടെ വീടുകളിലും ലോക്കറുകളിലുമായിട്ടാണുള്ളത്. പഴയ സ്വർണ്ണം ജോസ് ആലുക്കാസിൽ എക്സ്ചേഞ്ച് ചെയ്യുമ്പോൾ, നമ്മുടെ രാജ്യത്തിന് ഇറക്കുമതിയിൽ ഉണ്ടാകാവുന്ന അധിക ചെലവ് നിയന്ത്രിക്കാൻ സഹായിക്കുന്നു. ഇന്ത്യയുടെ സ്വർണ്ണം ഇന്ത്യയിൽ തന്നെ തുടരട്ടെ, അത് നമ്മുടെ അഭിമാനമാകട്ടെ.
#ExchangeForTheNation
എക്സ്ചേഞ്ച് ചെയ്യുമ്പോൾ ഓരോ പവനും നേടൂ
₹2000 അധികം
സ്വർണ്ണാഭരണങ്ങളുടെ പണിക്കൂലിയിൽ നേടൂ
ഫ്ളാറ്റ് 50% ഡിസ്കൗണ്ട്
*തെരഞ്ഞെടുത്ത സ്വർണ്ണാഭരണങ്ങൾക്ക് മാത്രം
*T&C Apply
Round East, THRISSUR. Ph: 0487-2331812
Shop at josalukkasonline.com




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ–680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**





# ഡോ. സുകുമാർ അഴീക്കോട് സ്മരണ


കോട്ടയത്തെ കറന്റ് ബുക്സ് പ്രസിദ്ധീകരിച്ച 'എഴുതപ്പെട്ടത്' എന്ന എന്റെ നോവലിന്റെ പ്രകാശനവുമായി ബന്ധപ്പെട്ടാണ് അഴീക്കോട് മാഷുമായി നേരിൽ ആദ്യമായി സംസാരിക്കുന്നത്. അന്ന് തൃശൂർ പ്രസ് ക്ലബ് പ്രസിഡന്റായിരുന്ന ഫ്രാങ്കോ ലൂയിസുമൊത്താണ് മാഷെ കാണാൻ പോയത്. 'ഇയാളെ മുമ്പ് ഇവിടേക്കൊന്നും കണ്ടിട്ടില്ലല്ലോ' എന്നായിരുന്നു, വിയ്യൂരെ വീട്ടിൽ കണ്ടപ്പോൾ ആദ്യപ്രതികരണം. 'ഭയമായിരുന്നു' എന്ന സത്യം ഞാനന്നേരം തുറന്നു പറഞ്ഞു. നിറഞ്ഞ ചിരിയോടെ മാഷത് സ്വീകരിച്ചതോടെ സംസാരിക്കാൻ കുറച്ചൊക്കെ ധൈര്യം കൈവന്നു.

'പുസ്തക പ്രകാശന ചടങ്ങിൽ ഗ്രന്ഥകാരന്റെ സാന്നിധ്യം എന്തിന്?' എന്ന ചോദ്യവും അതിന്റെ വിശദീകരണവും മാഷന്ന് അവതരിപ്പിച്ചത് ഞാനോർക്കുന്നു. ഒരു പുസ്തകം നല്ലതാണെന്നും വായിക്കപ്പെടേണ്ടതാണെന്നും തുടക്കക്കാരനായ ഒരു ഗ്രന്ഥകാരന്റെ സാന്നിധ്യത്തിൽ പറയുന്നത്, അയാളുടെ തുടർന്നുള്ള എഴുത്തിന്റെ ശോഭ കെടുത്തുമെന്നായിരുന്നു മാഷിന്റെ നിരീക്ഷണം.


ഡോ. സുകുമാർ അഴീക്കോട് എന്ന മഹാശയന്റെ ശതാബ്ദി വർഷത്തിൽ, മനസിൽ മായാതെ കിടക്കുന്ന അദ്ദേഹത്തിന്റെ വാക്കുകൾ ഒരിക്കൽകൂടി കുറിക്കുന്നത് അവിവേകമാകില്ലെന്ന് വിശ്വസിക്കുന്നു. മഹാപ്രതിഭയായ കഥാകൃത്ത് സി.വി. ശ്രീരാമനാണ് പുസ്തകം ഏറ്റുവാങ്ങിയത്. ഡോ. പി.വി.കൃഷ്ണൻനായർ, സുകുമാർ കൂർക്കഞ്ചേരി, ഫ്രാങ്കോ ലൂയിസ് എന്നിവരും എന്നോടൊപ്പം വേദിയിൽ.



**സി.ആർ. രാജൻ**
എഡിറ്റർ












# അകത്താളുകളിൽ

## കഥ
വി.പി.ജോൺസ് ................... പേജ് 6
ദർശന ............................... പേജ് 9

## ലേഖനം
ഡോ. അജയ് നാരായണൻ ..... പേജ് 12

## കാർട്ടൂൺ
എം.ആർ.ബാലചന്ദ്രൻ ........... പേജ് 5


## പുസ്തകപരിചയം
അജിത രാജൻ .................. പേജ് 29

## കുട്ടികളുടെ മഷിപ്പച്ച
വര, കവിത ........................ പേജ് 31


## കവിത
ബഷീർ മുളിവയൽ .............. പേജ് 16
ശ്രീജ വിജയൻ .................... പേജ് 17
ഷഫീന സൈത്തൂൻ............. പേജ് 18
നിബിൻ കള്ളിക്കാട്............ പേജ് 20
സരസ്വതി ബിജു .................. പേജ് 21
എ.കെ.അനിൽകുമാർ ......... പേജ് 22
അശ്വതി വി വി .................... പേജ് 23
ശരത്ത് ........................... പേജ് 24
കുഞ്ഞച്ചൻ മത്തായി ........... പേജ് 25
നുഷറ സി.എച്ച് ................. പേജ് 26
ടോണി എം. ആന്റണി .......... പേജ് 27
റോണി തോമസ് കീക്കുളത്ത് ... പേജ് 28

## ○ കാർട്ടൂൺ കേരളം



എം.ആർ. ബാലചന്ദ്രൻ



# തീർത്ഥാടനവും പത്രപ്രവർത്തനവും



വി.പി.ജോൺസ്

**തീ**ർത്ഥാടനത്തിനു പുറപ്പെട്ടാൽ എന്തു തടയുമെന്നു ചോദ്യം.

മനസ്സമാധാനം എന്ന് ഉത്തരം.

'പഴമയിലെ വിസ്മയങ്ങൾ' എന്ന പംക്തി പ്രായാധിക്യം ബാധിച്ച വൃത്താന്ത പത്രത്തിന്റെ പുതിയ പത്രാധിപൻ യശ്വന്ത് ചെറിയാൻജിയുടെ നവീന കണ്ടെത്തലായിരുന്നു. മധ്യഡൽഹിയിലെ 'ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹ്യൂമൺ റിസോഴ്സ് ആന്റ് ഇൻഡസ്ട്രിയൽ മാനേജ്മെന്റിൽ നിന്ന് ഡോക്ടറേറ്റ്. ഫീൽഡിലെ മഹാ ട്രേഡിഷന്റെ അനന്തരഗാമി. ദ ക്രൗൺ പ്രിൻസ്.

ട്രാക്ക് റെക്കോർഡിൽ ഹിന്ദുസ്ഥാൻ ടൈംസും കാരകയുടെ ചീഫ് അസിസ്റ്റന്റ് പദവിയിലെ ദശവർഷ സേവനകാലവും ഉൾപ്പെടും. മുണ്ടക്കയം അച്ചായന്റെ ....ദൃഷ്ടി തന്റെ മുഖപടത്തിലും മിഴിവട്ടങ്ങളിലും യദൃശ്ചയാ വന്നുപതിച്ചത് യശ്വന്ത് അശേഷംപോലും ശ്രദ്ധിച്ചതുമില്ലായിരുന്നു.

കുലപതിക്കെന്ത് ഇരുപത്തി ഒന്നാം ശതകം?

പതിയെപ്പതിയെ യശ്വന്ത് കഥയിലേക്ക് കടന്നുവന്നു.

കാരകസാറിന്റെ അത്യുദാരതയാണ് യശ്വന്തിനെ വളർത്തി വലുതാക്കിയത്. അങ്ങനെയാണൊടുവിൽ 26 ഡെൽഹി സിംഹാസനത്തിന്റെ സമീപവാസിയാകുന്നതും.

കാരകസാറിന്റെ നേതൃത്വത്തിൽ നടത്തിയ 'വെർണ്ണാക്കുലർ ലാംഗ്വേജ് പ്രസ്സ് ജെർണ്ണലിസ്റ്റുകൾ'ക്കായുള്ള 'റീ ഓറിയൻറേഷൻ കോഴ്സി'ൽ റിസോഴ്സ് പഴ്സനായി ശിരസ്സുയർത്തി നിന്നതിന്റെ ചടുല സ്മൃതി. യശ്വന്ത് വല്ലാതെ വികാരാധീനനാവുന്നു. കണ്ണുകളിൽ മങ്ങാത്ത തിരിവെട്ടം.

കാരകസാർ സെമിനാർ അംഗങ്ങളെ ഇൻട്രോഡ്യൂസ് ചെയ്യുമ്പോൾ ഇപ്രകാരം മൊഴിഞ്ഞുപോയി. നെവർ ......ബീൻ അസ്സോസിയേറ്റഡ് വിത്ത് സച്ച് എ ഡൗമന്റ് യങ്ങ് കേരള ഇൻ മൈ വോൾ കരിയർ.

നീണ്ടുനിന്ന ഹർഷാരവം.

കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബ് ആകെ വികാരവിജ്രംഭിതമായി.

ബാരിസ്റ്റർ ജോർജ്ജ് ജോസഫും, എടത്തട്ട നാരായണനും, ബി.ജി.വർഗീസും, പോത്തൻ ജോസഫും, പറളി രാമചന്ദ്രനും, ഒറ്റപ്പാലം നാരായണൻകുട്ടിയും. പിന്നെ അവർക്കൊപ്പം അണിയണിയായി നടന്നുനീങ്ങിയ പരശ്ശതം മലയാളികളും.

കാരകയുടെ ജ്വലിക്കുന്ന കണ്ണുകളിൽ ഇവരാരും വന്നുപെടുകയുണ്ടായോ... കർത്താവേ!

യശ്വന്ത് ചെറിയാൻ ഇന്നേരം ചിത്തത്തി

ലെ ചിപ്പിക്കുള്ളിലെ പ്രഭാഷകന്റെ സ്മൃതിയിൽ നിറഞ്ഞ് കർത്താവിന് സ്തുതി കരേറ്റി.

അന്നേരം ആകാശവിതാനത്തിനകത്ത് ഊതനിറത്തിൽ നിറഞ്ഞുനിന്ന് യശ്വന്ത് ചെറിയാന്റെ ദിവംഗതനായ മാതാപിതാക്കൾ-വെളുക്കെപ്പറഞ്ഞാൽ അപ്പനമ്മമാർ മാർത്തായും പൊറിഞ്ചുകുട്ടിയും ചെറിയാനും കർതൃഭൂതരും ആഹ്ലാദചിത്തരായി ഉലാത്തുന്നത് യശ്വന്ത് നിരീക്ഷിച്ചു നിർവൃതികൊണ്ടു.

സെമിനാറിൽ പങ്കെടുക്കാൻ എത്തിച്ചേർന്ന ഉലകുടയപ്പെരുമാളുകളായ കാശ്മീരം തൊട്ടു കന്യാകുമാരി മുനമ്പുവരെ നീണ്ടു പരന്നു കിടക്കുന്ന ഭൂഭാഗത്തിന്റെ സകലമാന വർക്കിങ്ങ് ജേർണ്ണലിസ്റ്റുകളും, ഉത്തിഷ്ഠമാനനായ യശ്വന്ത് ചെറിയാന്റെ കോമള വദനത്തിൽ നിന്നും തങ്ങളുടെ ദൃഷ്ടികളെ അണുവിട മാറ്റിപ്പാർപ്പിച്ചതില്ല. അത്രമേൽ നിപുണനല്ലയോ ഈ യശ്വന്തൻ? എന്നാലോ, ബഹു.മുണ്ടക്കയം അച്ചായൻ മരത്തിൽ കാണുമ്പോഴേക്കും മാനത്തുനിന്നും ദൃശ്യം ആവാഹിക്കാൻ നൈസർഗിക വിരുതുള്ള പ്രായോഗികവാദിയാണെന്ന കാര്യം കാരകക്കുമറിയാം. പക്ഷെ, ഇത്ര പെട്ടെന്ന് കണ്ണടച്ചു തുറക്കുംമുമ്പേ യശ്വന്തിനെ മേപ്പടിയാൻ റാഞ്ചിക്കളയുമെന്ന് ഊഹിക്കാൻ കാരകയ്ക്കുപോലും കഴിഞ്ഞതുമില്ല. നൊടിയിടയിലല്ലേ സംഗതിയപ്രകാരം സംഭവിച്ചുപോകുന്നത്.

ആദ്യദിവസം ലഞ്ചിനു പിരിച്ചപ്പോൾ കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബിന്റെ ഇടനാഴിയുടെ പരിസരങ്ങളിൽ പിറകിൽ നിന്നതാ ഒരു കട്ടിത്തമുള്ള ഒരു പാദചലനം. ഉഷ്ണം ദൽഹിയെ സാവധാനം ചൂടുപിടിപ്പിച്ചുവരുന്നതേ ഉണ്ടായിരുന്നുള്ളൂ.

ഓവർകോട്ടും ടൈയുമൊക്കെ നടത്തിക്കിടയിൽ സാവകാശം ഊരി കയ്യിൽ പിടിച്ചുകൊണ്ടാണ് യശ്വന്ത് മുൻപിൽ വന്നുവെടുന്നത്.

ഏ വെൽ പ്രോമിസിങ്ങ് സ്മാർട്ട് ഹൈ; വിഗർ ആന്റ് വൈറ്റാലിറ്റിയുടെ നിറകുടം.

പിമ്പിൽ തന്റേതല്ലാത്ത കാലൊച്ച കാതോർത്ത് യശ്വന്ത് നൊടിയിടയിൽ ഞെട്ടിത്തിരിഞ്ഞു ദൃഷ്ടികൾ പിറകോട്ടു ഊന്നി.

രണ്ടാമുണ്ട് കഴുത്തിൽ ടൈ പോലെ വളച്ചുചുറ്റി ഒരു വിശ്വരൂപം. ഏ മാർവലസ് ലുക്ക്. വെന്തിങ്ങ ഗളത്തിനുവെളിയിൽ പ്രദർശിപ്പിച്ചിരിക്കുന്ന ...വൃദ്ധൻ മിഴിവട്ടത്തിൽ അതാശടേന്ന് പ്രത്യക്ഷമാകുന്നു. പ്രായം കവിഞ്ഞത് അറുപതോ അറുപത്തിയഞ്ചോ. കണ്ടാൽ അത്രേം തോന്നുകേല. കാഴ്ച്ചയിൽ ബഹുധാവല്ലാതെ സ്മാർട്ടുതന്നെ. ആരോഗദൃഢഗാത്രൻ. നരവീണ മേൽമീശ നല്ലവണ്ണം ചെത്തിമിനുക്കി ഒരുക്കിവെടിപ്പാക്കി വച്ചിരിക്കുന്നു. കണ്ടാലും തോന്നും ഒരു കൗതുകം. പുള്ളിക്കാരൻ ആളുമോശക്കാരനാവാൻ ഇടയില്ലതന്നെ.

കാരകസാർ ഇതിനിടെ ഇടനാഴിയിൽ നിന്ന് പൊടുന്നനെ അപ്രത്യക്ഷനാകുന്നു. ഭക്ഷണം കഴിച്ചെന്നുവരുത്തി അതീവ ദ്രുതഗതിയിലാണ് ദ ഗ്രേറ്റ് ജേർണലിസ്റ്റിന്റെ മടക്കം. രണ്ടാം സെക്ഷനുവേണ്ടിയുള്ള പ്രിപറേഷനിലാണ് അദ്ദേഹം. ആ മനസ്സും ദേഹവും ആഗമന വ്യാപൃതവുമാണ-ക്കാര്യത്തിൽ.

പിന്നീട് പ്രത്യക്ഷമാകുന്നതാകുന്നു രണ്ടാമതു ദൃശ്യം.

തന്റെ റൂമിന്റെ തൊട്ടു മുമ്പിൽ നടുനിവർത്തിപ്പിടിച്ചു നിൽക്കുന്ന മധ്യ തിരുവിതാംകൂർ അച്ചായൻ പതിയെ മുരടനക്കുന്നു. തുടർന്ന് കുശലം.

-കൊച്ചനെന്നെ മനസ്സിലായോ, ഒവ്വോ?

യാദൃശ്ചികമായതാ അണ്ഞൊരുങ്ങുന്നു. പരിചയപ്പെടൽ.

യശ്വന്ത് അത്യന്തം വിസ്മയാധീനനായി. എന്തൊരത്ഭുതകരമായ ആകാരം?

ങും...ഹും....!

-കണ്ണിൽ പൊടിയിടാൻ തക്കവണ്ണം അച്ചായൻ ഇപ്പം നന്നാ ഒന്നു കണ്ണിറുക്കി-മനസ്സിലായില്ല്യ അല്ലോ?

-ങാ... ദെൻ ഹൂ ആർ യൂ? പെട്ടെന്നുളവാകുന്ന സ്വരഭേദം.

അനന്തരം ക്ഷണവേഗത്തിൽ യശ്വന്ത് ചെറിയാൻ മലയാളത്തിലേക്കു മടങ്ങി.

വാ- ഒ... ആരാാാാാ? മനസ്സിലാഞ്ഞിട്ടു ചോദിക്കുവാ. ക്ഷമിച്ചേക്കണം. അത്യത്ഭുതം.

മുണ്ടക്കയം ഒടയത് തെല്ലുപോലും ഇളിഭ്യനാകുന്നില്ല.

-ഞാൻ മുണ്ടക്കയം അച്ചായൻ ഇന്ത്യയ്ക്കകത്തുടനീളവും വെളിനാട്ടിലുമൊക്കെയായി ദശലക്ഷക്കണക്കിനു വായനക്കാരൊള്ള മഹാവൃത്താന്ത പത്രത്തെക്കുറിച്ച് കേട്ടിട്ടില്ലായോ? അതിന്റെ ഒടമേം പത്രാധിപനുമൊക്കെയാ. കേട്ടിട്ടുണ്ടാവും ഇല്ലോ?

ഓ.... ഹോ.... ഹോ.... ധാരാളമായി കേട്ടിട്ടൊണ്ട്.

യശ്വന്തിന്റെ മിഴികൾ പൂപോലെ വിടർന്നു വികസിച്ചു. അതു കേട്ടാറെയും പറ

ഞ്ഞാറെയും. ആശ്ചര്യം അണകെട്ടി നിറുത്താൻ ഒട്ടും ഒരുമ്പെടാതെ വിസ്മയ സ്മിതനായി അയാൾ പ്രത്യുത്തരിക്കുന്നു:

കേട്ടിട്ടൊണ്ടെന്നോ? കേട്ടിട്ടല്ലേ ഒള്ളൂ. തുടർന്നയാൾ ഉച്ചച്ചൂടുപോലെ ഒരു ചിരിയും ചിരിച്ചു.

-പിന്നെ ചോദിച്ചു: എന്നതാ അച്ചായാ വന്നകാര്യം! വർക്കിങ്ങ് ജർണ്ണലിസ്റ്റുകളുടെ ക്രാഷ് കോഴ്സ് പ്രോഗ്രാമിൽ ഒടമകൾക്കെന്നതാ കാര്യം?

അച്ചായൻ അന്നേരം തന്റെ അപൂർവ്വ ഗദ്ധദൃഷ്ടികൊണ്ടു ചുറ്റുപാടുമൊന്നു കണ്ണോടിച്ചു- ആരെങ്കിലും തങ്ങൾ തമ്മിൽ നടക്കുന്ന സംഭാഷണശകലം ശ്രദ്ധിക്കുന്നുണ്ടോ എന്നതാവാം അശങ്കയുടെ കാതൽ. ഭിത്തികൾക്കുപോലും ചെവിയൊള്ള ഒരു കാലമാരുന്നേ.

പരിസരത്ത് മറ്റാരുമില്ലെന്നൊറപ്പുവരുത്തി.ശേഷം യശ്വന്തിനെ അടിമുടിയൊന്നു കടാക്ഷിച്ചശേഷം തൃക്കണ്ണുകൊണ്ട് ഒരു ഉഴിച്ചിൽ നടത്തി. അനന്തരം അദ്ദേഹം യശ്വന്തിന്റെ ചെവിയിൽ മന്ത്രിക്കുന്നു. -പരമഹസ്യമാ, വിശേഷം. സ്വകാര്യമായിത്തന്നെ കേട്ടോണം കോട്ടോ. ങ... ധൈര്യമായങ്ങോട്ടു പറയണമച്ചായാ. അങ്ങോട്ടു പറഞ്ഞാട്ടെ.

-യശ്വന്തിനെപ്പറ്റി ധാരാളം കേട്ടിട്ടൊണ്ട്. ഇപ്പം ആദ്യമായിട്ടു കാണുവാണേലും കൊച്ചനെപ്പറ്റി ഈ അച്ചായന് പമ്പാനദിയിലെ തെളിവെള്ളംപോലെ അറിയാം കേട്ടോ. ഇനിയിപ്പം തൊറന്നങ്ങോട്ടു പറയുവാ. ഇച്ചായന്റെ പത്രത്തിലോട്ടൊന്നു വരാവോ യശ്വന്ത്? എന്നാ ചക്രം വേണേലും തന്നേക്കാം. പറഞ്ഞോണ്ടാ മതി.

പക്ഷേ വരത്തില്ലെന്നുമാത്രം പറയാതിരുന്നേച്ചാമതി. അച്ചായൻ വളച്ചുകെട്ടില്ലാതെയങ്ങോട്ടു വച്ചുകാച്ചി.

ഞാനൊന്നാലോചിക്കട്ടെ അച്ചായാ. യശ്വന്ത് സ്വരം താഴ്ത്തിപ്പറഞ്ഞു.

ഇതിനിടക്ക് പൊടുന്നനെ കാരകയുടെ ദൃഢസ്വരം ഉച്ചഭാഷിണിയിലൂടെ ഒഴുകിവന്നു. ബദ്ധപ്പെട്ട് ഹാളിലേക്ക് കാലുകൾ നീട്ടിവെക്കുമ്പോൾ യശ്വന്തിന്റെ ഹൃദയം അകാരണം കിടന്നു പട പടാ മിടിക്കാൻ തുടങ്ങി. യശ്വന്തിന്റെ ആത്മഗതം അച്ചായൻ ഝടുതിയിൽ വായിച്ചെടുത്തു കഴിഞ്ഞിരിക്കുന്നു.

യശ്വന്തിന്റെ അകം ഇപ്പോൾ കാരകയിലുമല്ല; സെമിനാർ പേപ്പറുകളിലുമല്ല. പിന്നെ അത് അച്ചായന്റെ വസ്ത്രാഞ്ചലത്തിലല്ലായോ? നേത്രവട്ടത്തിലുമല്ലായോ? യശ്വന്തിന്റെ കണ്ണുകൾക്കൊപ്പം ദന്തനിരകളും അതികഠിനമായി ഇപ്പോൾ പുളിച്ചുപോകുന്നുമുണ്ട്. ചെവിക്കല്ലുകളിൽ ആരോ പറഞ്ഞതുപോലെ ഈയം ഉരുക്കി ഒഴിച്ചതുപോലെ ഒരനുഭവം.

-അച്ചായനിപ്പോ പോ. കാരകാ സാറ് സമ്മതിക്കുവാണേൽ...? സമ്മതിക്കുവാണേൽ..... -അപ്പം ആലോചിക്കാമെന്നേ.... ങാ.... അതുമതിയെന്റെ കൊച്ചനേ... മതിമറന്ന അച്ചായൻ ആനന്ദതുന്ദിലനായി മുറിയിലോട്ടു വച്ചുപിടിച്ചു.

പിറ്റേന്ന് സാക്ഷാൽ കാരകസാറ് തന്നെയാണ് യശ്വന്ത് ചെറിയാനെ പൂർണ്ണസമ്മതത്തോടെ അച്ചായനു വിട്ടുകൊടുക്കുന്നത്.

കാലം ഒട്ടും കഴിഞ്ഞാറെ, കഥാഗതിയാകെ ടപ്പേന്ന് കീഴ്മേൽ മറിഞ്ഞു കാലത്തിന്റെയൊര് വല്ലാത്ത കളിയേയ്.

ഇച്ചായൻ സ്വമേധയാ സ്വന്തം പത്രമേശേൽ നിന്നും തന്നെ പിരിച്ചുവിട്ടുകളയും എന്ന നേരത്തല്ലായോ ഒരുകാലം. ജഗജില്ലനായിരുന്ന യശ്വന്ത്, പിന്നാമ്പുറക്കളികൾ അറിഞ്ഞുവശാകുന്നത്!

എന്നതാണ് അറിയാൻ മേലാ. യശ്വന്ത് മാത്രമേ അക്കഥയറിയാത്തവനായി ഒണ്ടായുരുന്നുള്ളൂ. പോൾഡസ്കേലും, ബെഞ്ചേലും, ഫീൽഡേലും.

കാരകസാറിനോട് മുണ്ടക്കയം അച്ചായൻ എന്നതാ ഒണർത്തിയെന്നറിയാവോ? സാറേ യശ്വന്ത് ചെറിയാന് നാട്ടിലോട്ടു വന്നേച്ചാ കൊള്ളാമെന്നൊണ്ട്. സാറൊന്ന് സമ്മതം മൂളിയേച്ചാ മാത്രം മതി. പയ്യന്റെ ഭാവിയെപ്പറ്റി ഒരു കരുതലൊക്കെ വേണ്ടായോ സാറേ. യെവനൊരു മലയാളിപ്പയ്യനും കൂടല്ലോ? ഗത്യന്തരമില്ലാതെ അങ്ങനെയാ കാരകസാറ് സമ്മതം മൂളിയതത്രെ!

ഇപ്പം എല്ലാമങ്ങോട്ട് തൃപ്തിയായില്ലേ?

യശ്വന്തിന്റെ കലങ്ങിമറിഞ്ഞ കണ്ണുകൾ കണ്ടപ്പം സമിതിയിലെ സർവ്വത്തൊന്നിന്റെയും ഉള്ളുകിടന്നു ഞെരിപിരികൊണ്ടു. ഒടുവിൽ ഒരു കൂട്ടച്ചിരിയങ്ങോട്ടു വെളിയിൽ ച്ചാടി.

ഇനിയെപ്പമാ ഈ ഒടവാളുതങ്ങളുടെ മേലും നിപതിക്കുവാ- അവർ എതിർപാർക്കുവാ- നമ്പറിലങ്ങോട്ട് പൊടുന്നനെയൊന്നു കുതിച്ചു. പക്ഷേ എന്നതാ ഒരു പ്രയോജനം? കിട്ടുകേല. ദാണ്ട് നേരമങ്ങ് ഇരുട്ടിപ്പോയല്ലോ? ഭിത്തിയിലെ ഏഷ്യൻ പെയിന്റേലിരുന്ന് കുടുകുടാ ചിരിക്കാൻ തൊടങ്ങുവാ അച്ചായൻ.

***

കഥ

# പരാതി





ദർശന

ഇന്നലെയാണ് കത്തിന്റെ പകർപ്പ് കിട്ടിയത് . അതു കയ്യിൽ കിട്ടിയപ്പോൾ തുടങ്ങിയ ഇരിപ്പാണ്. പകർപ്പ് എടുത്തു തരുമ്പോൾ ഓഫീസിൽ വച്ച് ഷാലി അവളോട് പറഞ്ഞിരുന്നു, അയാൾക്ക് വട്ടാണ് , ഇതൊന്നും കാര്യമാക്കണ്ട ന്ന് . ഇതിപ്പോ നാലഞ്ചു തവണയായി ഇത് തന്നെ വായിക്കുന്നു. കടലാസും പിടിച്ച് ഇതികർത്തവ്യതാമൂഢയായിരിക്കുന്ന അവളെ കണ്ട് ശലമോൻ ചോദിച്ചു .

'എന്താണ് സോഫ്യേ, മെഴുകുതിരിക്ക് കാറ്റു പിടിച്ച പോലെ അന്തിച്ചിരിക്കണത്? ഇന്നലെ മുതൽ ഞാൻ ശ്രദ്ധിക്കുവാ'.

ശലമോൻ കൈക്കോട്ടെടുത്ത് പൈപ്പിന് ചുവട്ടിൽ വച്ച് അതിൽ പറ്റിപ്പിടിച്ച മണ്ണും ചെളിയും ഇളക്കികളഞ്ഞു. ശേഷം കാല് രണ്ടും ഉരച്ചു കഴുകി. അയാളുടെ ചോദ്യം കേട്ട് അപ്പോൾ മാത്രം സുബോധത്തിലേക്ക് വന്നവളെ പോലെ സോഫി കയ്യിലിരിക്കുന്ന കടലാസിലേക്കും ശലമോന്റെ കാലുകളിലേക്ക് വീഴുന്ന വെള്ളത്തിലേക്കും മാറിമാറി നോക്കി. പിന്നെ ഒന്നും മിണ്ടാതെ എണീറ്റ് കടലാസ് ചുരുട്ടിക്കൂട്ടി അടുപ്പിലി

ട്ട് കത്തിച്ചു. അതിനു മുകളിലേക്ക് രണ്ട് കഷ ണം ചകിരി തിരുകി വച്ചു.

കനൽ തിളങ്ങി കത്ത് ചാരമായി. അവൾ ക ഞ്ഞിക്കുള്ള വെള്ളം അടുപ്പത്തേക്ക് വെച്ചു

ശേഷം അരി കഴുകാൻ പൈപ്പിൻ ചുവട്ടി ലേക്ക് ചെന്നു.

'ആരുടെ എഴുത്താണ്? ഇത്രമാത്രം ആലോ ചിക്കാൻ? '

'മേലാപ്പീസിന്ന് '

'എന്തെ നിന്നെ പിരിച്ചുവിട്ടോ?

എങ്കിൽ നന്നായി . നീയെന്റെ കൂടെ കൂടി ക്കോ'.

ശലമോൻ എപ്പോഴും പറയും . ജോലിക്ക് പോകേണ്ട കാര്യമില്ല. ജീവിക്കാനുള്ള വക ഇ വിടെയുണ്ടല്ലോ ന്ന്. കഷ്ടപ്പെട്ട് പഠിച്ച് നേടിയ ജോലിയാ. അവൾക്ക് വല്ലാത്ത ദേഷ്യം വന്നു. പക്ഷേ അവളത് അടക്കിപ്പിടിച്ചു.

'എളേപ്പൻ മന്ത്രിക്ക് പരാതി കൊടുത്തിട്ടു ണ്ട്."

'എളേപ്പനോ , എന്തുട്ടിന് ?'

'നിങ്ങടെ അമ്മച്ചിയല്ലേ പറഞ്ഞത് , അപ്പച്ച ന് ആകെള്ള അനിയനാ. കൂടും കുടുംബോം ഒ ന്നൂല്യാ. വയ്യാണ്ട് കിടക്കാ. ആരുല്യാ നോക്കാൻ ന്ന്'.

'അയിനിപ്പൊ എന്താ? ഇവിടെ കൊണ്ടുവ ന്നു പറ്റണ തരത്തില് നോക്കി. എണീറ്റ് നടക്കാ റാക്കീല്ലേ '

'എന്നിട്ട് നിങ്ങക്ക് എന്താ ഗുണം കിട്ടിയേ? സ്വത്ത് മുഴുവൻ അടിച്ചെടുക്കാൻ പോവാന്നും പറഞ്ഞു എറണാകുളത്ത് ഒരു ഫ്ലാറ്റ് വാടക യ്ക്ക് എടുത്ത് അവിടെ സുഖമായി താമസിക്ക ല്ലേ. കാര്യം ഇവിടെ ഇത്തിരി കഷ്ടപ്പാടാച്ചാലും ഇവിടുന്ന് ആരെങ്കിലും അങ്ങട് സഹായം ചോ ദിച്ച് ചെല്ലണ് ണ്ടോ ? സഹായിച്ചില്ലെങ്കിലും ദ്രോ ഹിക്കരുത് മനുഷ്യന്മാരെ'.

സോഫി കത്തിക്കയറി .

'എന്റെ സോഫ്യേ, അതൊക്കെ അടഞ്ഞ അ ധ്യായം. കർത്താവ് തമ്പുരാൻ പറഞ്ഞിട്ടില്ലേ, അന്യന്റെ മുതല് ആഗ്രഹിക്കരുതെന്ന് '.

'ഞാൻ ആഗ്രഹിക്കണം ന്നു പറഞ്ഞോ? പോ യ അന്ന് തുടങ്ങി പണി തന്നോണ്ടിരിക്ക്യാ. ഇ പ്പോ ദേ അങ്ങേരുടെ ഡെപ്പോസിറ്റ് തട്ടിയെടു ക്കാൻ ഞാൻ കൂട്ടുനിൽക്കുന്നു ന്ന്. നിങ്ങടെ ചേച്ചിയെ അല്ലേ നോമിനി വെച്ചേക്കണത്. അ ങ്ങേരുടെ ഡെപ്പോസിറ്റിന് . ചേച്ചിക്കത് വേണ്ടെ ന്നും പറഞ്ഞ് എല്ലാം ഒഴിവാക്കിയതാ. എന്നിട്ടി പ്പോ അവർക്ക് ബുദ്ധി ഉപദേശിച്ചു കൊടുക്കു ന്നത് ഞാനാണ്ന്നും പറഞ്ഞ് മന്ത്രിക്ക് പരാതി കൊടുത്തിരിക്കുന്നു.

എനിക്ക് ദേഷ്യം വന്നാ വനിതാ കമ്മീഷ നിൽ ഒരു പരാതിയങ്ങട് എഴുതി കൊടുക്കും'.

'എന്നാ നീ കൊടുക്ക്. അല്ലാണ്ട് പിന്നെ ഞാ നെന്താ പറയാ. വെറുതെ എന്റെ മെക്കട്ടിക്ക് വ രണ്ട'.

ശലമോൻ കുപ്പിയിൽ നിന്നും ഇത്തിരി എ ണ്ണയെടുത്ത് നെറുകയിൽ പൊത്തി കുളിമുറി യിലേക്ക് കയറി. സോഫി കലിപ്പിൽ മുറ്റത്തേ ക്കിറങ്ങി. മുറ്റത്തെമ്പാടും ചിതറി കിടക്കുന്ന ക രിയിലകൾ അവളെ പരിഹസിച്ചു ചിരിക്കും പോ ലെ. മുറ്റം തൂക്കാൻ തുടങ്ങിയതും വൃശ്ചികക്കാ റ്റിൽ അവ വട്ടംചുറ്റിയപ്പോൾ ആ ശ്രമം ഉപേ ക്ഷിച്ച് അവൾ ചെടികൾക്കരികിലേക്ക് നീങ്ങി..

ഒരു മന്തൻ ഓന്ത് മുന്തിരിവള്ളിയിലിരുന്ന് അവളെ തന്നെ നോക്കുന്നു. അവൾക്ക് വല്ലാ ത്ത ദേഷ്യം വന്നു. കുറ്റിബീൻസിന് കുത്തുകൊ ടുക്കാൻ വച്ചിരുന്ന കോലെടുത്ത് ഓന്തിനെ ഒ റ്റ അടി വെച്ചു കൊടുത്തു . പാവം അതിന്റെ വാലു മുറിഞ്ഞുപോയി . ഒപ്പം മുന്തിരിവള്ളിയിൽ ആദ്യമായി വിരിഞ്ഞ ഒരു കുല പൂവും .

അവൾ അതെടുത്ത് നിസ്സഹായതയോടെ നോക്കി .

'എന്താടി സോഫ്യേ, അതികാലത്തെ എണീ റ്റ് മുന്തിരിവള്ളികൾ പൂത്തോ തളിർത്തോ ന്ന് നോക്കണം ന്ന് നീ പറഞ്ഞപ്പോ ഇങ്ങനെ നോ ക്കണം ന്ന് ഞാൻ വിചാരിച്ചില്ല' .

പുറകിൽ ശലമോന്റെ ചിരി മുഴങ്ങി . സോ ഫിക്ക് വല്ലാത്ത സങ്കടം വന്നു. ശലമോൻ അടു

ത്ത് ചെന്ന് തോളിൽ കൈ വെച്ചു.

'എന്റെ സോഫി, എവിടെയോ കിടക്കണ ഒരു വയസ്സൻ എന്തോഎഴുതിവിട്ടു ന്ന് പറഞ്ഞു നമ്മൾ തമ്മില് എന്തിനാ വഴക്കടിക്കണ്?'

'പത്തു തൊണ്ണൂറുവയസ്സായില്ലേ അയാൾക്ക്. ആയകാലത്ത് അയാൾക്ക് ഒരു കുറവും വരുത്താതെ നമ്മള് നോക്കിട്ടുണ്ട്. . നന്മ ചെയ്യുന്നോർക്ക് ഒരു ദോഷവും വരില്ല. അയാളുടെ കാര്യം വിട്ടുകള. അയാളായി അയാളുടെ പാടായി .

നിന്നെ ഇതിന്റെ പേരിൽ ആരും തൂക്കിക്കൊല്ലാനൊന്നും പോണില്ല. ഇത്തിരി ചമ്മന്തി കിട്ടിയിരുന്നെങ്കിൽ ആ കഞ്ഞി ഒന്ന് കുടിക്കായിരുന്നു'.

ശലമോൻ അവസാനം പറഞ്ഞ വചനത്തെ പൂർണമായും തിരസ്കരിച്ചു കൊണ്ട് സോഫിയ മുന്തിരിവള്ളികൾ നനച്ചുതീർത്തു.

പൊടുന്നനെയാണ് ഓർമ്മ വന്നത് . ഇന്ന് അത്യാവശ്യമായി ഒരു ഫയൽ കൊടുക്കാനുള്ളതാണ്. അവൾ തിടുക്കത്തിൽ പണികൾ ഒതുക്കി. കഞ്ഞി വിളമ്പിക്കൊടുത്തപ്പോൾ ശലമോൻ പരിഭവം മറന്ന് ചിരിച്ചു. അവളും. അല്ലെങ്കിലും അവർക്കിടയിൽ പരിഭവത്തിന് പ്രസക്തിയില്ലായിരുന്നു. ഓഫീസിലെ തിരക്കുകൾക്കിടയിൽ അവൾ പരാതിക്കത്തിനെ കുറിച്ച് മറന്നേ പോയി. അല്ലെങ്കിൽ തന്നെ ഇതൊക്കെ ഓർത്തിരിക്കാൻ അവൾക്ക് എവിടെയാണ് നേരം.

'സോഫി നിന്നെ സാർ വിളിക്കുന്നുണ്ട് ട്ടോ' . മാനേജരുടെ ക്യാബിനിലേക്ക് പോയ ഷാലി തിരിച്ചു വന്നപ്പോൾ പറഞ്ഞത് കേട്ട് സോഫി ഫയലുകൾക്കിടയിൽ നിന്നും മുഖം ഉയർത്തി ചോദ്യ ഭാവത്തിൽ നോക്കി .

'അങ്ങോട്ട് ചെല്ലാൻ പറഞ്ഞു

എന്തോ അത്യാവശ്യ കാര്യം പറയാനുണ്ട്ന്ന്'.

ഫയൽ ഒതുക്കി വെച്ച് സോഫി പതിയെ എണീറ്റു

മാനേജർ എന്തോ കടുത്ത ആലോചനയിലായിരുന്നു. 'ഇരിക്ക് സോഫി. എറണാകുളത്തുനിന്ന് ഒരു ഫ്ലാറ്റിന്റെ ഉടമ വിളിച്ചിരുന്നു. ഇടയ്ക്കിടയ്ക്ക് ആ പരാതി കൊടുക്കാറുള്ള കറിയാച്ചൻ എറണാകുളത്ത് ഫ്ലാറ്റിലല്ലേ താമസിക്കുന്നത്. അയാൾ കൊടുത്ത ഏതോ ഒരു പരാതിയുടെ ഭാഗമായി അന്വേഷണത്തിന് ചെന്നപ്പോഴാണ് ഫ്ലാറ്റ് അകത്തുനിന്ന് പൂട്ടിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടത് . വിളിച്ചിട്ട് അനക്കമൊന്നും കേൾക്കാതെ വന്നപ്പോൾ അയൽവാസികളായ ഫ്ലാറ്റുകാരോട് അന്വേഷിച്ചു . രണ്ടുമൂന്നു ദിവസമായി പുള്ളിക്കാരനെ പുറത്ത് കാണാറില്ലത്രെ. ഒരു പ്രത്യേക ടൈപ്പ് ആയതുകൊണ്ട് ആരും അയാളുമായി കണക്ഷൻ ഇല്ല എന്നാണ് പറഞ്ഞത്. ഇപ്പോൾ പോലീസ് വന്ന് ബലമായി വാതിൽ തുറന്നപ്പോഴാണ് ഫ്ലാറ്റിനുള്ളിൽ അയാൾ മരിച്ചു കിടക്കുകയാണ്'

സോഫിയൊന്നു നടുങ്ങി. അവളുടെ തലയ്ക്കുള്ളിൽ കടന്നൽക്കൂടിളകി.

'സോഫിയുടെ ഹസ്ബന്റിന്റെ എളേപ്പൻ ആണെന്നല്ലേ പറഞ്ഞത്. ബന്ധുക്കൾ ആരെങ്കിലും ചെല്ലാതെ

അവർക്ക് മറ്റ് നടപടികൾക്ക് ബുദ്ധിമുട്ടുണ്ടെന്ന്. ഫ്ലാറ്റ് ഉടമയുടെ ബന്ധു ജോലി ചെയ്യുന്ന ബാങ്കുമായി ഇയാൾക്ക് നല്ല കണക്ഷൻ ആണത്രേ. ഇടയ്ക്കിടയ്ക്ക് ചെല്ലാറുണ്ടായിരുന്നു എന്ന് പറഞ്ഞു. അയാൾ വഴിയാണ് ഇപ്പോൾ ഇങ്ങോട്ട് വിളിച്ചത്. സോഫിയുടെ ഹസ്ബന്റിനെ വിളിച്ച് എത്രയും പെട്ടെന്ന് അങ്ങോട്ടൊന്ന് ചെല്ലാൻ പറയൂ' .

അവൾ സ്വപ്നത്തിൽ നിന്നെന്നപോലെ എണീറ്റു. തന്റെ സീറ്റിനരികിലേക്ക് നടന്നു.

അവളുടെ മുഖത്തെ വല്ലായ്ക കണ്ട് ഷാലി അമ്പരന്നു .

'അയാൾ പോയി'. ആരോടെന്നില്ലാതെ അവൾ പിറുപിറുത്തു. പിന്നെ പതിയെ ഫോണെടുത്തു ശലമോന്റെ നമ്പർ ഡയൽ ചെയ്തു. ഒറ്റ ശ്വാസത്തിൽ കാര്യങ്ങൾ അവതരിപ്പിച്ചു. പിന്നെ ഇരുകൈകളും മേശമേൽ വെച്ച് തലചായ്ച്ചു കിടന്നു. അവളുടെ തലക്കുള്ളിൽ വീണ്ടും കടന്നലുകൾ മുരളാൻ തുടങ്ങി. അന്നേരത്ത് അയാളുടെ അവസാന മാംസത്തരിയും ഭക്ഷിച്ചു തീർത്ത പുഴുക്കൾ അയാളുടെ ആവലാതിക്കെട്ടുകൾ അവസാനിപ്പിക്കാനുള്ള തത്രപ്പാടിയിരുന്നു. അവയുടെ മാർച്ചിനിടയിൽ മഷി വറ്റിയ ഒരു പേന അവസാന വാക്കുകൾ കാത്ത് അനാഥമായി കിടന്നു.

✪






# ചെമ്പരത്തികൾകൊണ്ടു പണിതീർത്ത കാവ്യശില്പഗോപുരം

മലയാറ്റൂർ രാമകൃഷ്ണന്റെ ലോഡ്ജ് എന്ന കഥയെ ആധാരമാക്കി, പുതുമുഖങ്ങളെ പ്രധാന കഥാപാത്രങ്ങളാക്കി ന്യൂ ഇന്ത്യാ ഫിലിംസ് നിർമിച്ച സിനിമയായിരുന്നു ചെമ്പരത്തി. 1972 ജൂലൈ മാസം റിലീസ് ആയ സിനിമ സംവിധാനം ചെയ്തത് പി. എൻ. മേനോൻ ആയിരുന്നു. പ്രശസ്ത സംവിധായകൻ ഭരതൻ അദ്ദേഹത്തിന്റെ മരുമകനായിരുന്നു. സിനിമയുടെ പ്രത്യേകതകൊണ്ടും കലാപരമായ മേന്മകൊണ്ടും ശ്രദ്ധേയമായ ഈ സിനിമയിൽ അഭിനയിച്ചവർ ശോഭന (റോജാ രമണി), രാഘവൻ, മധു, സുധീർ, റാണിചന്ദ്ര, കൊട്ടാരക്കര, അടൂർ ഭവാനി തുടങ്ങിയവരാണ്. സാമ്പത്തിക വിജയം നേടിയ ഈ ചിത്രത്തിനു പുരസ്കാരങ്ങൾ ഏറെ ലഭിച്ചു.

ഒരു ലോഡ്ജിലെ അന്തേവാസികളും അവിടെ തൂത്തുവാരാൻ വരുന്ന ശാന്തയും അവളുടെ വീട്ടുകാരുമാണ് കഥയിലെ പ്രധാന കഥാപാത്രങ്ങൾ. ശാന്തയോട് മൂകാനുരാഗമുള്ള യുവകവിയും വിദ്യാർത്ഥിയുമായ ദിനേശ്, സമ്പന്ന കുടുംബത്തിലെ അംഗമായ രാജൻ, കോളേജ് ലെക്ചർറർ ആയ ബാലചന്ദ്രൻ എന്നിവരുടെയിടയിൽ നിഷ്കളങ്കയായ ശാന്ത ചെമ്പരത്തിപ്പൂ പോലെ ശോഭിച്ചു. പക്ഷേ, ഗർഭിണിയായ അവൾ കൊല്ലപ്പെട്ടു. കഥയുടെ അടുത്ത ഘട്ടം കുറ്റാന്വേഷണമാണ്. പ്രേക്ഷകരെ ആകാംക്ഷയുടെ മുൾമുനയിൽ നിർത്തിയ അവതരണം, പുതിയ മുഖങ്ങൾ, അതിമനോഹരമായ പാട്ടുകൾ എന്നിങ്ങനെ പല പ്രത്യേകതകളും ഈ സിനിമയ്ക്കുണ്ടായിരുന്നു. ഇതിലെ എല്ലാ ഗാനങ്ങളും ഇന്നും നാം ആഘോഷിക്കുന്നുണ്ട്. കാവ്യാത്മകത കൊണ്ടും ഈണം കൊണ്ടും സ്വരം കൊണ്ടും ഏറെ പ്രിയമാണവയെല്ലാം. ശരണമയ്യപ്പാ എന്ന ഭക്തിഗാ



ഡോ. അജയ് നാരായണൻ

നം, ചക്രവർത്തിനീ എന്ന കവിത, കുണുക്കിട്ട കോഴി, അമ്പാടി തന്നിലൊരുണ്ണി എന്ന താരാട്ടുപാട്ട്, പൂവേ പൊലി പൂവേ എന്നിങ്ങനെ ആറുഗാനങ്ങളിൽ യേശുദാസ് പാടിയ ശരണമയ്യപ്പാ എന്നു തുടങ്ങുന്ന ഗാനവും ചക്രവർത്തിനീ എന്ന ഗാനവും അവലോകനം ചെയ്യാമെന്ന് കരുതുന്നു.

ഈ ഗാനങ്ങൾക്കും അവയുടെ അവതരണങ്ങൾക്കും സിനിമയിൽ ഏറെ സ്ഥാനമുണ്ടെന്ന് അറിഞ്ഞുകൊണ്ടുള്ള കാവ്യരചനയിൽ വ




യലാറിന്റെ കയ്യൊപ്പ് പതിഞ്ഞിട്ടുണ്ട്. ഇന്നും ഏറെ ആരാധകരുള്ള ഗാനങ്ങളാണ് ഇവ. വായിക്കാം.

ചക്രവർത്തിനീ നിനക്കു ഞാനെന്റെ
ശില്പഗോപുരം തുറന്നൂ
പുഷ്പപാദുകം പുറത്തുവയ്ക്കു നീ
നഗ്നപാദയായ് അകത്തുവരൂ
ചക്രവർത്തിനീ...

സാലഭഞ്ജികകൾ കൈകളിൽ
കുസുമതാലമേന്തി വരവേൽക്കും
പഞ്ചലോഹമണിമന്ദിരങ്ങളിൽ...
മൺവിളക്കുകൾ പൂക്കും..
ദേവസുന്ദരികൾ കൺകളിൽ
പ്രണയദാഹമോടെ നടമാടും...
ചൈത്രപത്മദല മണ്ഡപങ്ങളിൽ
രുദ്രവീണകൾ പാടും... താനേ പാടും
(ചക്രവർത്തിനീ)

ശാരദേന്ദുകല ചുറ്റിലും
കനക പാരിജാതമലർ തൂകും
ശില്പകന്യകകൾ നിന്റെ വീഥികളിൽ
രത്നകംബളം നീർത്തും...
കാമമോഹിനികൾ നിന്നെയെൻ
ഹൃദയകാവ്യലോക സഖിയാക്കും...
മച്ചകങ്ങളിലെ മഞ്ജുശയ്യയിൽ
ലജ്ജകൊണ്ടു ഞാൻ മൂടും... നിന്നെ മൂടും



(ചക്രവർത്തിനീ)

വയലാർഗാനങ്ങളിൽ ഇത്രയധികം ആഘോഷിക്കപ്പെട്ട, വ്യാഖ്യാനിക്കപ്പെട്ട ഗാനങ്ങൾ ചുരുക്കമാണ്. അച്ചടിച്ചുവന്ന കവിത സുഹൃത്തിനു മുന്നിൽ പാടുന്നതായാണ് ഈ ഗാനരംഗം. അതു കേട്ട് ആസ്വദിക്കുന്നുണ്ട് ശാന്ത എന്ന നായിക. ഇതേ ഗാനം ദിനേശിന്റെ മാനസിക വിഭ്രാന്തിയിൽ ശാന്തയുടെ മരണശേഷം അവൾ പാടുന്നതായും സിനിമയിൽ അവതരിപ്പിച്ചിട്ടുണ്ട്.

ഇവിടെ, ചക്രവർത്തിനീ എന്ന് അഭിസംബോധന ചെയ്യുന്നത് ആരാധനാപാത്രമായ പെൺകുട്ടിയേയും കവിതയേയും ആയി വേണം കാണുവാൻ.

പുഷ്പംകൊണ്ടു നിർമിച്ച പാദുകം പുറത്തുവയ്ക്കൂ എന്നഓർമപ്പെടുത്തൽ എത്രമധുരതമാ

ണ്! എന്റെ ശില്പഗോപുരത്തിൽ അങ്ങനെയേ കടക്കാവൂ എന്ന് കവി ആവശ്യപ്പെടുമ്പോൾ ആ ശില്പഗോപുരം അത്രയും മഹത്തരമാണെന്നു വേണം കരുതാൻ.

കേരളീയാചാരങ്ങളിൽ ചെരുപ്പ് പുറത്തുവച്ചു വേണം അകത്തു കടക്കുവാൻ എന്നുണ്ടല്ലോ.

ഇനി അവൾ അകത്തുവന്നാലോ, സാലഭഞ്ജികകൾ കൈകളിൽ പൂത്താലമേന്തി വരവേൽക്കുന്നതു തൊട്ട് എന്തെല്ലാം കാഴ്ചകൾ അതി



മനോഹരമായും കാവ്യസൗന്ദര്യത്തിന്റെ ഉത്തുംഗശൈലത്തിൽ ഇരുന്ന് വയലാർ പറയുന്നു. കാവ്യസഖി വന്നാലോ, മച്ചകങ്ങളിലെ മഞ്ജുശയ്യയിൽ ലജ്ജകൊണ്ടു മൂടും, അവളെയെന്റെ ഹൃദയകാവ്യലോകസഖിയാക്കും എന്നും ഉറപ്പ് നൽകുന്നുണ്ട്.

അനുരാഗത്തിന്റെയും ആരാധനയുടെയും കവിതയുടെയും സ്വർഗ്ഗീയാനുഭൂതി പകർന്ന ഈ ഗാനം ഇന്നും അനശ്വരമായി നിൽക്കുന്നു. പുരുഷസ്വരത്തിനു യേശുദാസും സ്ത്രീസ്വരത്തിനു മാധുരിയും വികാരങ്ങളുടെ കൊടുമുടിയേറി ആരാധകരെ കീഴടക്കി ഈ ഗാനത്തിലൂടെ.

ഈ ഗാനത്തിലെ കാവ്യബിംബങ്ങൾ കാല്പനീകകവികൾക്ക് യോജിക്കുംപടി മണിപ്രവാളത്തിന്റെ ഗരിമയുള്ളതും പ്രൗഢഗംഭീരവുമാണ്.

“തങ്കത്തരിവളയിളകി നിൻപിന്നിൽ തരളിതകൾ

സങ്കൽപസുഷമകൾ ചാമരം വീശി” വന്ന ചങ്ങമ്പുഴയുടെ കാവ്യനർത്തകിയാൽ പ്രചോദനംകൊണ്ട രചനയാണ് ചക്രവർത്തിനി എന്നു കാണാം. കാവ്യനർത്തകി ആടിയും പാടിയും വരുമ്പോൾ മലയാളകവിതയായി മാറുന്നതിന്റെ ഗാനരൂപമാണ് വയലാറിന്റെ ചക്രവർത്തിനി. ഒരുപക്ഷേ, ചങ്ങമ്പുഴയുടെ പിൻഗാമിയെന്നും മാറ്റൊലിക്കവിയെന്നും ആരോപണമുന്നയിച്ചപ്പോൾ, താനൊരു മാറ്റൊലിക്കവിയെന്ന് ആവർത്തിച്ചുപറഞ്ഞ വയലാർ ഈ ഗാനം ഉള്ളാലെ സമർപ്പിച്ചിട്ടുണ്ടാവുക ചങ്ങമ്പുഴയ്ക്കു തന്നെയാവും.

1970 ൽ ‘എന്റെ ദന്തഗോപുരത്തിലേക്ക് ഒരു ക്ഷണക്കത്ത്’ എന്നൊരു കവിത വയലാർ രചിച്ചിരുന്നു. പടവാളിനേക്കാളും വീണയ്ക്കേ, വൈകാരിക പരിവർത്തനങ്ങളെ മനസ്സിൽത്തീർക്കാനാവൂ എന്നറിഞ്ഞ് ഉടവാളുരുക്കി വീണ തീർത്തത് ഉറക്കുപാട്ടും പാടി മൗനമായ് മാറാനല്ലെന്ന് വിളിച്ചുപറഞ്ഞ കവി. ആ കവിയാണ് രുദ്രവീണയുമായി ചക്രവർത്തിനീ നിനക്കു ഞാനെന്റെ ശില്പഗോപുരം തുറന്നു എന്ന് ശ്രുതിമധുരമായി എഴുതി അനശ്വരമായി ഇന്നും വിരാജിക്കുന്നതും!

പണ്ടിതേപോലെയൊരു മഹാകവി വിശ്വപ്രകൃതിയുടെ നൃത്തമണ്ഡപം കാണാനെത്തിയപ്പോൾ, “കൽവിളക്കുകളുടെ കൈയുകൾ പൂത്തൂ താനേ

കണ്ണുകൾ തുറന്നുപോയ് ചന്ദനപ്രതിമകൾ!” എന്ന് ‘ഒരു മാറ്റൊലിക്കവി’ എന്ന രചനയിൽ ഉദ്ഘോഷിക്കുന്നുണ്ട് വയലാർ. അതിന്റെ പൂർണതയാണ് ചക്രവർത്തിനീ എന്നുതുടങ്ങുന്ന ഗാനം.

ഇതേ അഭിസംബോധനയുമായി സ്വപ്നത്തിൻ ലക്ഷദ്വീപിലെ പുഷ്പനന്ദിനിയെക്കുറിച്ചും വയലാർ എഴുതിയിട്ടുണ്ട്, ചക്രവർത്തിനി എന്ന ചിത്രത്തിനുവേണ്ടി. ജയചന്ദ്രൻ പാടിയ ഈ ഗാനം എന്റെ ഇഷ്ടഗാനത്തിലൊന്നാണ്. ഈ ഗാനത്തിലൂടെ പോയാലോ, ചെമ്പരത്തിയിലെ ചക്രവർത്തിനിയെ കണ്ട് കാമുകനും ആരാധകനുമായ നായകൻ മനമറിയാതെ പാടു

ന്നതായേ തോന്നൂ. ശില്പഗോപുരം ഇവിടെ ചിത്രഗോപുരവും മൺവിളക്ക് ചുറ്റുവിളക്കുമായി പരിണമിക്കുമ്പോൾ കാമുക ഹൃദയങ്ങൾ ഈ രണ്ടു ചക്രവർത്തിനികളെയും മാറോടുചേർത്ത് താനേ പാടും, ചക്രവർത്തിനീ നിനക്കു ഞാനെന്റെ ശില്പഗോപുരം തുറന്നൂ...

അക്ഷരലക്ഷം മന്ത്രങ്ങൾ -

ഇവിടെ വായിക്കുന്ന, ചെമ്പരത്തിയിലെ അടുത്ത ഗാനം ഒരു അയ്യപ്പഭക്തിഗാനമാണ്. ഈ ഗാനം, ശാന്തയുടെ അച്ഛൻ മലയ്ക്കു പോകാൻ മാലയിട്ട്, കെട്ട് നിറയ്ക്കുമ്പോൾ അവതരിപ്പിക്കുന്ന ഉടുക്കുകൊട്ടാണ്. ആചാരക്രമം അനുസരിച്ചും വ്രതം നോറ്റും മലയ്ക്കു പോകുന്ന ഒരു സാധാരണ മലയാളിയുടെ ഭക്തിയും ആചാരാനുഷ്ഠാനങ്ങൾ തെറ്റാതെയുള്ള ജീവിതശൈലിയും ചിന്തയിലുള്ള ദർശനങ്ങളും സൂക്ഷ്മമായി ഈ ഭക്തിഗാനത്തിൽ വയലാർ വരച്ചുവച്ചു. ഇന്നും അയ്യപ്പക്ഷേത്രങ്ങളിൽ പാടുന്ന ഗാനങ്ങളിൽ മുൻപിലാണ് യേശുദാസ് പാടിയ ശരണമയ്യപ്പാ സ്വാമീ എന്ന ഗാനം.

ശരണമയ്യപ്പാ സ്വാമീ ശരണമയ്യപ്പാ
ശബരിഗിരിനാഥാ സ്വാമീ ശരണമയ്യപ്പാ
മണ്ഡലം നൊയമ്പു നോറ്റു - അക്ഷരലക്ഷം
മന്ത്രങ്ങൾ ഉരുക്കഴിച്ചൂ
പുണ്യപാപച്ചുമടുകളാം ഇരുമുടിക്കെട്ടുമേന്തി
പൊന്നമ്പലമല ചവുട്ടാൻ വരുന്നൂ ഞങ്ങൾ
(ശരണമയ്യപ്പാ സ്വാമീ ശരണമയ്യപ്പാ)
സ്വാമി ശരണം അയ്യപ്പ ശരണം
സ്വാമി ശരണം അയ്യപ്പ ശരണം
സ്വാമിയേ ശരണം.

പമ്പയിൽ കുളിച്ചുതോർത്തി ഉള്ളിലുറങ്ങും
അമ്പലക്കിളിയെ ഉണർത്തി
പൊള്ളയായോരുടുക്കുമായ് പേട്ടതുള്ളി പാട്ടുപാടി
പതിനെട്ടാം പടി ചവുട്ടാൻ വരുന്നൂ ഞങ്ങൾ
(ശരണമയ്യപ്പാ സ്വാമീ ശരണമയ്യപ്പാ)
ശ്രീകോവിൽ തിരുനടയിങ്കൽ
കർപ്പൂരമലകൾ കൈകൂപ്പി തൊഴുതുരുകുമ്പോൾ
പത്മരാഗപ്രഭ വിടർത്തും തൃപ്പദങ്ങൾ ചുംബിക്കും
കൃഷ്ണതുളസിപ്പൂക്കളാകാൻ വരുന്നൂ ഞങ്ങൾ
(ശരണമയ്യപ്പാ സ്വാമീ ശരണമയ്യപ്പാ)
സ്വാമി ശരണം അയ്യപ്പ ശരണം
സ്വാമിയേ ശരണം..
സ്വാമിയേ ശരണമയ്യപ്പോ -
ഹരിഹരസുതനയ്യനയ്യപ്പസ്വാമിയേ
ശരണമയ്യപ്പോ.

ശബരിമലയുടെ ആചാരാനുഷ്ഠാനങ്ങളെ സൂചിപ്പിച്ചും അവയ്ക്ക് കവിതയുടെ അംശം കൊണ്ട് തെളിയിച്ചും മറ്റൊരു വ്യാഖ്യാനം കൊടുത്തും രചിച്ച ഈ ഗാനം അയ്യപ്പഭക്തിഗാനങ്ങളിൽ മുൻപിലുണ്ട് എന്നതുമാത്രമല്ല; ഒരു ഇടതുപക്ഷാശയത്തിനൊപ്പം സഞ്ചരിച്ച ആളായിട്ടും കഥയ്ക്കാവശ്യമുള്ളപ്പോൾ അതിനു ചേരും പടി ഗാനമൊരുക്കാനും കഴിയുമെന്ന് പലവട്ടം തെളിയിച്ച വയലാറിന്റെ ജനപ്രിയമായ ഗാനങ്ങളിൽ ഒന്നാണ് ഈ ഗാനം.

ഇതിലെ ശ്രദ്ധേയമായ ആശയങ്ങൾ നോക്കൂ,

പുണ്യപാപച്ചുമടുകളാകുന്ന ഇരുമുടിക്കെട്ടുമേന്തി, പൊള്ളയായ ഉടുക്കെന്ന ജീവിതം കൊട്ടിപ്പാടി കർപ്പൂരമലകൾ കൈകൂപ്പി തൊഴുതുരുകുമ്പോൾ കൃഷ്ണതുളസിപ്പൂവാകാൻ വരുന്ന ഭക്തർ!

ഹരിഭാവം കലർത്തി ശബരിഗിരിനാഥനെ ശരണമന്ത്രം ചൊല്ലി തൊഴുതുനിൽക്കുമ്പോൾ ഉള്ളിൽ ഭക്തി തോന്നാത്തവർ ആരാണ്! ഇതേ ഉടുക്കുകൊട്ടാൻ ഹൃദയത്തെ ഒരുക്കുന്നുണ്ട്, ശബരിമലയിൽ തങ്കസൂര്യോദയം എന്ന ഗാനത്തിൽ. ഒരുപക്ഷേ, ഈ ഗാനത്തിനൊരു ആമുഖമാവാം ചെമ്പരത്തിയിൽ കണ്ട ശാസ്താം പാട്ട് എന്നു കാണാനാവും ആരാധകർക്കിഷ്ടം.

ചെമ്പരത്തി എന്ന ചിത്രവും അതിലെ അഭിനേതാക്കളും ഗാനങ്ങളും ഏറെ പ്രശസ്തിനേടി, ഇന്നും കണ്ടാൽ ആസ്വദിക്കാവുന്ന വിധമുള്ള സംവിധായകന്റെ കയ്യൊപ്പുള്ളതാണ്. 1970 ൽ പി. എൻ. മേനോന്റെ ഓളവും തീരവും ഇറങ്ങി രണ്ടു വർഷത്തിനുള്ളിൽ ചെമ്പരത്തി ഇറങ്ങിയപ്പോഴേക്കും ഉദയഗിരി ചുവക്കുകയും സിനിമയിൽ പുതുയുഗം ഉണരുകയും ചെയ്യുന്ന കാഴ്ചയിൽ വിരിഞ്ഞ ആദ്യത്തെ പൂവാണ് ചെമ്പരത്തി. അതിനൊത്തു ഉടുക്കു കൊട്ടി പാട്ടും പാടി ഇപ്പോഴും നമുക്കിടയിൽ, ഇവിടെയെല്ലാമുണ്ട് വയലാറെന്ന പ്രതിഭാസം.

# ഡീ കോഡ്



ബഷീർ മുളിവയൽ

കാലുകളിൽ നിന്നും ലഭിച്ചേക്കാം
ഇതുവരെ സഞ്ചരിച്ച ദൂരങ്ങളും വഴികളും

കൈകൾ പരിശോധിച്ച് കണ്ടെത്തിയേക്കാം
കൊടുത്തതിന്റെയും വാങ്ങിയതിന്റെയും കണക്കുകളും രേഖകളും

കാതുകളിലിറങ്ങി നോക്കിയാൽ
കിട്ടുമായിരിക്കും
കേട്ടു മറന്നതിന്റെ തെളിവുകൾ


കണ്ണുകളുടെ ആഴങ്ങളിൽ നിന്ന്
കണ്ടെടുക്കുമായിരിക്കും
നേർക്കാഴ്ചകളുടെയും സ്വപ്നദൃശ്യങ്ങളുടേയും
അവശിഷ്ടങ്ങൾ

ഓർമകളിൽ മുങ്ങിത്തപ്പിയാൽ
ലഭ്യമാകും ഉള്ളിൽ തട്ടിയതും ,
മറന്നു പോയതും

ഹൃദയത്തിലേക്കെത്തി നോക്കിയാൽ
കാണാനായേക്കും ഒളിച്ചു വച്ച
ഇഷ്ടങ്ങളുടെ ചിറകടികളും, തൂവലുകളും

പക്ഷേ, ഒരാളിൽ
എങ്ങനെ പരതിയാലും കിട്ടാത്ത
എവിടെത്തിരഞ്ഞാലും
കാണാത്ത ചിലതുണ്ട്
പറയണമെന്നാശിച്ചിട്ടും
പറയാനാകാതെ പോയ
പ്രണയം പോലെ.

അതിന്റെ എന്തെങ്കിലും അംശം
കണ്ടെത്തിയെന്ന് തന്നെ കരുതുക
ഡീകോഡ് ചെയ്യാനാവാത്ത
ബാർകോഡ് പോലെ
കൃത്യമായി മറ്റൊരാൾക്കും
അത് മനസ്സിലാകില്ല.



# മുറികൾ



നിഗൂഢമായ
രഹസ്യങ്ങൾ
 കാത്തു വച്ചിടും
ഖനി പോലെ
ഭംഗിയുള്ള പൂട്ടാൽ
അലങ്കരിക്കപ്പെട്ട മുറികൾ

കനത്ത സുരക്ഷ
ബന്ധിച്ചിടങ്ങൾ
ചരിത്രവും വർത്തമാനവും
ഉരുകിയൊലിഞ്ഞവ
സ്വയം നിയമാവലി തീർത്തവ
ഉള്ളകങ്ങൾ കാണാൻ
വിധിക്കാത്തവ.
'ബി' നിലവറ പോലെ.

പേർത്തും പിറുപിറുത്തും
കരഞ്ഞും ആർത്തു ചിരിച്ചും
ചങ്ങലക്കിലുക്കം



ശ്രീജ വിജയൻ

സൂക്ഷിക്കുന്ന മുറികൾ
സ്വയം നിർമ്മിച്ച ലോകത്തിൽ
നിയന്ത്രണമില്ലാത്ത
യാത്ര സാധ്യമാക്കുന്ന
ഉന്മാദം പൂത്തുലയുന്ന മുറികൾ

മടുത്തിട്ടും, കയ്പുനീർ നിറഞ്ഞിട്ടും
കരകേറാനാവാത്ത
 ജലസഞ്ചാരം തീർക്കുന്ന മുറികൾ
 ഇത് ജീവിതമെന്നും,
 ജീവിച്ചിങ്ങനെ ശീലമായെന്നും
 നിരത്തുന്ന സാമാന്യയുക്തികൾ
 നിറയുന്ന മുറികൾ

 ജീവിതത്തിൻ കഠിന വ്യഥകൾ
 മുറിച്ചു കയറാൻ
 ഉടയാട മാറ്റും മുറികൾ
 മുഖമറിയാതെ
 ഉള്ള റിയാതെ
 ഉടലാഴങ്ങൾ തേടും മുറികൾ


ജീവിതത്തിനും
മരണത്തിനുമിടയിൽ
നൂൽപ്പാത തീർക്കും മുറികൾ
 ആശ്വാസമണിയാതെ
 ചിതറിത്തെറിക്കുന്ന
  വാക്കുകൾ.
 കീഴടങ്ങലിനു കിതക്കുന്ന
 സമയസൂചികൾ .
വ്യാകുല ഗന്ധം പേറും മുറികൾ

പ്രണയ ഭാഷ്യം നിറച്ച്
അലിഞ്ഞു ചേരലിൻക്കുളിർ നിറക്കും മുറികൾ
സുഖശീതളിമയാൽ -
 തണുത്തുറഞ്ഞ മുറികൾ.
 പുത്തൻ ചിന്തകളാൽ
 മുളക്കും മുറികൾ.
 ചൂടൻ ചിന്തകൾ -
 ജ്വലിപ്പിക്കും മുറികൾ.
സൗഹാർദാകാശത്തിലേക്കു
തുറന്നിട്ട മുറികൾ
തളർന്നു വരുമ്പോൾ
തലോടലാൽതാങ്ങുന്ന
വീട്ടുമുറികൾ

ഇടിമുറികൾ
വിചാരണ വിധിക്കും മുറികൾ
നിയമങ്ങൾ ,
തീരുമാനങ്ങൾ നിറക്കും മുറികൾ
തിങ്ങി നിറയുന്ന മുറികൾ
തുറന്നിട്ട മുറികൾ
കഥകൾ പറയുന്ന മുറികൾ
കാഴ്ചയിൽസമാനത
നിറക്കും മുറികൾ
വ്യത്യസ്തത നിറയുമിടങ്ങൾ.

# ഒരു ഡയറിക്കുറിപ്പ്

കവിത



ഷഫീന സൈത്തൂൻ

ഹേയ്
റാണീ,
സ്വർണ്ണനിറമുള്ള നിന്റെ ഉടൽചെതുമ്പലുകളി
ലെന്തേ
കരിനീലനിറം?

സൂഫീ,
നീ -
ഈ കടലിനേയും എന്നെയും
ചോദ്യങ്ങൾ ചോദിച്ച് വേദനിപ്പിക്കരുതേ -

എന്റെ ഹൃദയത്തിൽ തീക്കാറ്റ് നിറഞ്ഞിരിക്കു
ന്നു
പ്രതീക്ഷയുടെ വടുക്കൾക്കുമേൽ
പൊടിപടലങ്ങളും പടർന്നിരിക്കുന്നു
സ്പന്ദനം നിലച്ചുകൊണ്ടിരിക്കുന്നതിന്റെ
സൂചനയാകാം

നമ്മിലെ അദൃശ്യമായത് അറ്റുപോയാൽ ഞാ
നും നീയും വേനലല്ലെങ്കിലും നീരൊഴുക്കുണ്ടെ
ങ്കിലും അഴുകാനുള്ളതല്ലേ?

ശരിതന്നെ,
ചില നേരം
പിടയ്ക്കുന്ന നിന്നിലെ
തുടിക്കുന്ന കണ്ണുകൾ കാണുമ്പോൾ
ഉദയങ്ങൾ എന്തിനെന്ന് തോന്നിപ്പോകുന്നു റാ
ണീ...

ഇതുകേട്ട്
അരികിൽ
ഇളകിയാടിനിന്ന
നക്ഷത്രമത്സ്യം പതിയെ തലകുലുക്കി

നിനക്ക് അറിയില്ലേ,
സമുദ്രമധ്യത്തിൽ -
ജലമറവിൽ
റൂഹറ്റുപോയാൽ നമ്മെയോർത്ത്
വിലപിക്കാൻ പോലും
ആരുമില്ലെന്ന്?

വിഷാദത്തിന്റെ വിളർച്ചകണ്ട് വെള്ളി മീനുകൾ
വാലിളക്കി
റാണിയുടെ മുന്നിൽ നിന്നും ഒഴിഞ്ഞു മാറി

പുലരികളെ നാം ഓരോരുത്തരും കാത്തിരി
ക്കാൻ തുടങ്ങിയിട്ട്
കാലങ്ങളേറെയായില്ലേ?
എന്നിട്ടും
നമ്മുടെ പാട്ടുകൾ
ഈ നീലജലാശയത്തിൽ
തളംകെട്ടിനിൽക്കുന്നു,
ഒരൊറ്റകേൾവിക്കാരൻ
പോലുമില്ല..!

നിർവികാരയായ റാണിയുടെ
മൊഴികേട്ട്
നിറങ്ങളാകെ വാരിച്ചൂടിയ
പവിഴപ്പുറ്റുകളും
വെറുതെ
ഉടലൊന്നുകുടഞ്ഞു.

മിനുസമാർന്ന കറുത്ത ശരീരം മത്സ്യങ്ങളെ
ആഴക്കടലിന്റെ ഇരുട്ടിൽ ഒളിപ്പിച്ചു വയ്ക്കു
ന്നതു പോലെ
ചുണ്ടുകൾക്കും മൗനങ്ങൾക്കുമിടയിൽ
പലതും മൃതിയടയുന്നു
സമുദ്ര സഹനത്തിന്റെ നടുവിൽ
ഞാനും നിശ്ചലയായപോലെ...

നിനക്കുഭ്രാന്താണ്
നീയൊരുകാമുകിയാണ്
നീ, അലസതകൊണ്ട് ഭരിക്കപ്പെടുന്നവളാ
ണെന്ന്
ഇടതുവശം ചരിഞ്ഞു നിന്ന കുഞ്ഞൻ കട
ലാമ പറഞ്ഞു.



അതെ,
സ്നേഹനദിയിൽ
അനാദിയായി ഞാൻ ഒഴുകിക്കൊണ്ടിരിക്കുകയാണ്...
എന്നാണ്
മോചനമെന്നും അറിയില്ല

'സ്നേഹം ഉറപ്പായും പങ്കുവയ്ക്കപ്പെടേണ്ടതു തന്നെ'-
പക്ഷേ
ഈ
സ്നേഹസന്നിധിയിൽ
എനിക്കൊപ്പം മുങ്ങിമരിക്കാൻ
ആരാണ് തയ്യാറാവുക.?
റാണി വേദനയോടെ ആരാഞ്ഞു

'നിന്റെ ചോദ്യങ്ങൾക്ക്
വെറുതെപോലും ഉത്തരം ഇതേവരെ ആരും തന്നതുപോലുമില്ലല്ലോ '
ചെറുമീനുകൾ
ചെകിളവിടർത്തി റാണിയെ നോക്കി ചോദിച്ചു

കാട് അതിന്റെ നിഗൂഢതയിൽ മറഞ്ഞിരിക്കുന്നതുപോലെ
എത്രനാളിങ്ങനെ
അസ്തമയങ്ങളെ ചേർത്തുവെച്ച്
ഞാൻ കാത്തിരിക്കും സഖീ?

ഇരുൾ മിനിപ്പുതുന്നുന്ന നേരങ്ങളിൽ
മുഖപടംമാറ്റി
ഞാൻ,
വിഷാദമണിയുന്നത്
ആരുമറിയാതെപോകുന്നു.

ചിരിതുടിക്കുന്ന കണ്ണുകൾ
എന്റെ കണ്ണീരിനെ ഏറ്റുവാങ്ങുന്നുവെങ്കിലും
സുഖദുഃഖങ്ങൾ
ആത്മാവിലെനിക്ക്
താരാട്ടുപാട്ടുകളൊരുക്കുകയും
ആത്മവേട്ടയ്ക്ക് പാകമാക്കുകയും ചെയ്യുന്നു.

കടലിന്റെ നിശബ്ദ സമ്മതത്തോടെ ഓരോ തിരയും
തീരംതൊടുന്നതു പോലെ
ആത്മാവിന്റെ നിശബ്ദ പ്രാർഥനയേറ്റ്
ഞാൻ, പ്രണയവിശുദ്ധിയോടെ
കല്ലറയിൽ അന്തിയുറങ്ങുകയും ചെയ്യുന്നു .

രാവിന്റെ ഏകാന്തതയ്ക്കൊപ്പം സ്വപ്നങ്ങൾ
മഞ്ഞുമല താണ്ടി എന്നെ കൂട്ടാതെ
കടന്നുപോയിരിക്കുന്നു

അതെന്തേ സൂഫീ
നീ മറന്നുപോയത്?

അശാന്തകാലത്തിൽ പലതും അനാദിയാകുന്നതും എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല

റാണിയുടെ ചോദ്യത്തിരകളിൽ സൂഫിയ്ക്ക്
ഉത്തരമില്ലായിരുന്നു.

അല്ലെങ്കിലും
ചില ചോദ്യങ്ങൾക്ക് ഉത്തരം
പിന്നെയും ചോദ്യമാണല്ലോ..!



# നഷ്ടപ്പെട്ടവരുടെ കവിതകൾ

കവിത

## (1) നിഴൽ

----------------

നമ്മൾ പിരിഞ്ഞനിമിഷത്തിലന്നെ
പണ്ടുകരിനീലനിഴലുകൾ കൂടുവച്ചു ,
നിഴലുകൾ പെറ്റുപോറ്റുന്നയഴലിനെ
പിന്നെ നമുക്കായവ വിളമ്പിവച്ചു..!

## (2) ഊഴം

------------

ദുഃഖത്തിനണലികൾ പരസ്പരം
കൊത്തുന്ന വിരഹനോവിൻ നേരം
കാലം നമുക്കായി പറഞ്ഞുവച്ചു ,
ഓരോ നിമിഷവും വിഷമേറ്റു
തോറ്റുവീഴുന്ന ജീവിതം കണ്ടു -
നഷ്ടക്കണ്ണീരിൽ നാം മരിയ്ക്കാൻ

## (3) സത്യം

-------------

നീയുണ്ടായിരുന്ന കാലം വസന്തം
പിന്നാലെ നീ പോയതിൽ പിന്നെ -
പൂത്തില്ലെൻ മൊട്ടുകൾ മനസ്സിനുള്ളിൽ,
മുള്ളുകൾ കൊണ്ടെന്നിലിന്നും
കുത്തിനോവിയ്ക്കുന്ന സ്മൃതികളേ
നിങ്ങൾക്കായാണ് പറഞ്ഞ സത്യം..!

## (4) കാരണം

-----------------

നഷ്ടപ്പെടുമ്പോൾ പറഞ്ഞുപോകാൻ
ഇഷ്ടമെന്നോർമ്മയിലൊരു കാരണം,
കാരണഭൂതമേ മരിച്ചുകൊൾക നീ -
കാര്യം പറയാത്തൊരു കാരണമായി ,

## (5) ചിത്രം

----------------

വരച്ച ചിത്രങ്ങളിൽ ചായമഴിയവേ
പ്രണയമൊരു കലാപമഴിച്ചുവിട്ടു..
ജീവിച്ചുതീരാത്ത ജീവനെയാകെയും
ജീവിതമായോർമ്മയിൽ മടക്കിവിട്ടു.



നിബിൻ കള്ളിക്കാട്

കവിത

# ജോയ്

സരസ്വതി ബിജു






പ്രഭാത സവാരിയില്ലാത്ത ചിലയാളുകൾക്ക്
ഉച്ചത്തിലുള്ള വിളിയാണ് പുലർച്ച.
എന്തോ എന്ന് നീട്ടി വിളിച്ച്
ഉടുത്തിരിക്കുന്ന കൈലിയിൽ ശരീരം മുഴുവൻ ഒന്നൂടെ ഊളിയിട്ട്
മുക്കിയും മൂളിയും
തെരുവുണർത്തുന്നു.
തുണിക്കിടയിലൂടെ മാന്തലിന്റെ രുചിയറിഞ്ഞും,
നായ്ക്കൾ മണപ്പിച്ച് നക്കുമ്പോൾ ഒന്നൂടെ തിരിഞ്ഞു കിടക്കും.
നഗരത്തിലെവിടെയെങ്കിലും
ടാങ്കുകൾ നിറഞ്ഞു പൊട്ടിയാൽ
ഓടകൾ, വിസർജ്ജ്യങ്ങൾ തടയണനെയ്താൽ
നീട്ടിയൊരു വിളിയാണ്, തോണ്ടലാണ്,
പല്ലുതേപ്പിനും കുളിക്കുപോലുമിടമില്ലാതെ
തോട്ടിയുടെ മകൻ പുനർജനിക്കുന്നു.
ചുറ്റിനും മുഖം വക്രിച്ച് മൂക്ക് പൊത്തി കളിയുടെ രസം.
കോവിഡ് കാലത്തെ നാണിപ്പിക്കുന്ന മാസ്കിംഗ്.
ഞങ്ങൾ വലിച്ചെറിഞ്ഞതാണ് നിനക്കത് നീക്കാം.
വിസർജ്ജ്യം പൊതിഞ്ഞാലും
ഉള്ളിൽ ചെളിയില്ലാത്തവന് മടിയേതുമില്ല.
കയം കാണു വരെ മുങ്ങാംകുഴിയിട്ട തോടുകൾ, കുളങ്ങൾ,.
ഒന്ന്, രണ്ട് നൂറെണ്ണും വരെ കാത്തിരിക്കണ്ട.
പൊങ്ങണമെന്നുണ്ട്
പ്ലാസ്റ്റിക് ഭിത്തികൾക്ക്
കോൺക്രീറ്റിന്റെ ദൃഢത.
ഓരോ അണുവിലും മൂടി മൂടി.
പാപം ചെയ്തവർ തിരിഞ്ഞു നടക്കട്ടെ, കണ്ടില്ലന്ന് നടിക്കട്ടെ,
കാത്തിരിപ്പ് ഒരമ്മയ്ക്ക് മാത്രം സ്വന്തം.
–
നഷ്ടമൊന്നുമില്ലെങ്കിലും
മൂന്നാം നാൾ കാണിച്ചു കൊടുക്കാം.
ഉയിർത്തെഴുന്നേൽപ്പല്ല
കുതിർന്ന് വീർത്ത്
മീനുകൾ പോലും കൊത്തിയെടുക്കാതെ.
നിങ്ങൾക്ക്.
വീണ്ടും ആവർത്തിച്ച് പറഞ്ഞു ചിരിക്കാൻ
വെറുതേ ഒരു സന്തോഷം.

# ഓർമ്മകൾ



എ. കെ. അനിൽകുമാർ

നിന്നെക്കുറിച്ചെനിക്കുണ്ട്
ഒരുപിടിയോർമ്മകൾ.
നല്ലതോ കെട്ടതോ
എന്നതിർവരമ്പുകളില്ലാത്ത
ശുഷ്കമാമൊരുപിടി
നരച്ചയോർമ്മകൾ.
തീക്ഷ്ണമാം പകലിന്റെ
വേവുതിന്നു മുരടിച്ച
മനസ്സിന്നിറയത്തു
ചുരുണ്ടുമയങ്ങുമോർമ്മകൾ.
പേമാരിവന്നു കറുപ്പിച്ച
സന്ധ്യതൻ മിഴിത്തുമ്പിൽ
തളംകെട്ടിവിങ്ങുന്നൊരാ
തണുത്തുറഞ്ഞയോർമ്മകൾ.
പാതിമയക്കത്തിൽ
പാതിമറഞ്ഞ സ്വപ്നത്തിൽ
കൂടെക്കിടന്നു ചുറ്റിപ്പിണയും
കാഴ്ച്ചകൾ മങ്ങിയയോർമ്മകൾ.
വിജനമാം വഴിവക്കിൽ
എന്തിനെന്നറിയാതെ വീണ്ടും
തിരിഞ്ഞൊന്നു നോക്കുന്നനേരം
നെഞ്ചിൽ കനക്കുമോർമ്മകൾ.
ഒടുവിലോർമ്മകൾ
വഴിപിരിഞ്ഞെങ്ങോ മറഞ്ഞിട്ടും
മറയാതെ നിൽക്കുമൊരു
ഉൾത്തുടിപ്പിന്നോർമ്മകൾ.



# നിനവുകളിൽ ഒരു ജൂൺ



അശ്വതി വി വി



ഇടവപ്പാതിതൻ ഈണമായ് വീണ്ടും
പടിക്കൽ വന്നു നിൽക്കുന്നു ജൂൺ...
കറുത്ത കുടയ്ക്കീഴിൽ നാം ഒളിച്ചുവെച്ചൊരാ-
പഴയ സ്കൂൾക്കാലം തുന്നിച്ചേർക്കുവാൻ.
പുത്തൻ പുസ്തകപ്പൊതിതൻ
സുഗന്ധത്തിൽ മഷിത്തണ്ടും
മഞ്ചാടിയും തിരയവേ,
മൺവഴിയിലെ കുഞ്ഞുപുഴകളിൽ-
കടലാസ് തോണികൾ മെല്ലെ തുഴയുന്നു.
“മഴനൂലിൽ കോർത്ത
മുത്തുകൾ പോലെയോർമ്മകൾ
മണ്ണിൽ പെയ്യുന്ന നേരം,
അന്നത്തെയാ തണുത്ത മഴയത്തും
മനസ്സിനെ പൊതിഞ്ഞു വച്ചതമ്മ
തൻ സ്നേഹച്ചൂടായിരുന്നു.”
ഇന്നീ ജനൽക്കാഴ്ചയ്ക്കപ്പുറം നിൽക്കെ
മഴത്തുള്ളികൾ കണ്ണാടിയിൽ ചിത്രം വരയ്ക്കവേ,
ഓരോ തുള്ളിയും മന്ത്രിക്കുന്നു കാതിൽ-
നാം പ്രണയിച്ചൊരാ ബാല്യത്തിൻ തീരം

# ഭയത്തിന്റെ വിഭജനങ്ങൾ

ശരത്ത്



ആരാണ് നമ്മളെ ഭരിക്കുന്നതെന്ന
ചോദ്യത്തിന് ഭയമെന്ന് മാത്ര-
മാണിന്നുമുത്തരം.
ചുളുവിലക്കവരൊക്കെയോ വിലക്ക്
വാങ്ങിയിരിക്കുന്നു
ജനാധിപത്യമെന്ന
നമ്മുടെ സങ്കല്പം.

പളപളപ്പുള്ള പ്രചാരണ
പോസ്റ്ററിന് പിന്നിൽ,
രഹസ്യമെന്ന് നമ്മൾ
കരുതുന്ന ബാലറ്റ് പേപ്പറിൽ
ലൈവായി നോക്കിയിരിപ്പുണ്ടവർ
കൂമൻ കണ്ണുമായ്.

മനുഷ്യനെ വെറും ഡാറ്റയായ്
വിൽക്കുന്നവർ,
നമ്മളെ ജാതിയായ്
മതമായി മുറിച്ചവർ.
വിഭജനത്തിന്റെ അഞ്ചപ്പം
കൊണ്ട് അയ്യായിരമായ്
പന്തി വിളമ്പുന്നോർ.

ചൂണ്ടുവിരലിന്റെ മഷിയുണങ്ങുമുമ്പ്
പാറ്റയായ്, കൂറയായ്,
ഭീമൻ ചിലന്തിയായ്
നമ്മളെ വീണ്ടും വെട്ടിമുറിക്കുന്നു.

ഇനി ജെൻസിയായ്, ആൽഫയായ്
ബീറ്റയായ്, ഗാമയായ് അങ്ങനെ
പുത്തൻ വിഭജന തന്ത്രം മെനയുന്നു.
അതിനെയും ഇനി വീണ്ടും വിഭജിക്കാം;
കറുത്തവരെന്നും വെളുത്തവരെന്നും
മുടിയുള്ളവരെന്നും ഇല്ലാത്തവരെന്നും
നെടിയവരെന്നും കുറിയവരെന്നും.

അപ്പോഴേക്കുമവർ ഭൂമിയും
ആകാശവും കാൽക്കീഴിലാക്കും.
നമ്മളെ കൂട്ടിലടച്ച്, തമ്മിലടിപ്പിച്ച്,
ഗോഷ്ഠി കാണിപ്പിച്ച്
തിന്നു കൊഴുക്കും.

# പ്രണയ വണ്ടി



കുഞ്ഞച്ചൻ മത്തായി

കവിത


നഗരത്തിലെ ഒരു പ്രണയ വണ്ടിയിൽ
ഞാൻ യാത്ര ചെയ്യുകയാണ്
വാതോരാതെ വണ്ടി എന്നോട് സംസാരിക്കുന്നു

കാഴ്ചക്കാർക്ക് കൗതുകം തോന്നിക്കും വിധം
അവളുടെ കൈ ഭാഷയിൽ
സുഖമുള്ള നോവുകൾ
ഗാത്ര വീഥിയിൽ ഇഴയുന്നു

എൻറെ കണ്ണുകൾ അവളുടെ
കണ്ണിലേക്ക് നുഴഞ്ഞുകയറുന്നു
താനെ അടയുന്നു
യാമത്തിന്റെ രണ്ടാമത്തെ രാവിൽ
മൂർച്ചയുള്ള ഒരു ചുംബനം
അവളെനിക്ക് സമ്മാനിക്കുന്നു.

അതിന്റെ മധുരത്തിൽ ഞാൻ
അല്പം മയങ്ങി പോയി
പകലുണർന്നപ്പോൾ ഏഴു തിരിയിട്ട
നിലവിളക്കിന്റെ മുന്നിൽ
നിന്നെന്റെ നെഞ്ചകത്തിൽ
കൈ അമർത്തി ധ്യാനിച്ചു

പുതിയ ആകാശവും
പുതിയ ഭൂമിയും സൃഷ്ടിച്ചു
പുതിയ ജീവിതത്തിൻറെ
പുതിയ ചാനൽ തുറന്നു
പിരിഞ്ഞു പോകുവാൻ കഴിയാത്ത വിധം
ചങ്ങല ബന്ധനത്താൽ തളച്ചു
രാത്രിയുടെ മൂന്നാം യാമത്തിൽ
കിട്ടാനാവാത്ത ഒരു മഹാ സ്വർഗം



കവിത



നുഷറ. സി എച്ച്

# അളന്നുതീരാത്ത ആഴങ്ങൾ



അളവുകോലുകൾക്കപ്പുറം വളരുന്നൊരാ-
ളെന്നിലെ പാതിയാം പ്രിയ സുഹൃത്ത്.
നീളമേറിയ വീഥികൾ താണ്ടി നാം
നിഴലുപോലെ നടന്നൊരാ കാലമത്രെ.

ചിരിതൻ ചില്ലയിൽ പൂത്ത വസന്തവും
മിഴിനീർ തളിച്ച വേനൽച്ചൂടും,
അറിഞ്ഞു നാം പങ്കിട്ട കന്മതിലിൽ
അടയാളപ്പെടുത്തിയതത്രയും സ്നേഹമത്രെ.

നീളമേറിയ മൗനത്തിൻ അറ്റങ്ങളിൽ
നീ നട്ടുനനച്ചൊരാ സാന്ത്വനപ്പൂക്കൾ;
വാക്കുകൾ തോറ്റുപോകുന്നിടത്തെല്ലാം
നിൻ മൗനത്തിൻ അർത്ഥം തെളിഞ്ഞുനിന്നു.

കടലോളം നീളുന്ന സ്വപ്നയാത്രകളിൽ
കൈപിടിച്ചു കൂടെ നടന്നവനേ,
അളന്നുതീർക്കാനാവില്ലൊരിക്കലും നമ്മൾ-
ക്കിടയിലെ ബന്ധത്തിൻ ആഴവും നീളവും!

# ശൗചാലയങ്ങൾ.....

കവിത

ടോണി എം ആന്റണി



അയാളന്നൊരു ദീർഘദൂര യാത്രയിലായിരുന്നു,
അതും, മറ്റാരോ നിയന്ത്രിക്കുന്നൊരു വേഗത്തിൽ....

വഴിയിലെവിടെയോ അയാൾക്കൊരു അസ്വസ്ഥത,
വയറിലൊരു പ്രകമ്പനം, എന്തോ ഉരുണ്ടു മറിയുന്നു...

ഇന്നലെയും ഇന്നോ കഴിച്ചതോ,, അല്ലേൽ കഴിപ്പിച്ചതോ,
അകമാകെയൊരു എരിപൊരി സഞ്ചാരം....

അടിവയറു മുതൽ നെഞ്ചിൻ കൂടു വരെ, നെടുകെയും
കുറുകെയും, ചെറു കൊള്ളിയാൻ പോലൊരു നോവ്.

കാലങ്ങളുടെ നിക്ഷേപം,, അജീർണങ്ങളെങ്ങിനെയും
പുറംതള്ളിയെ പറ്റു, അലെങ്കിലിനിയുമത് പുണ്ണാവും.

നീങ്ങുന്ന സകടത്തിലിരുന്നയാൾ വിശാലമായ
ശൗചാലയങ്ങളെ സ്വപ്നം കണ്ടു, ആളൊഴിഞ്ഞവ.

ഇരുന്നും കിടന്നും കുന്തു കാലിലിരുന്നും കാര്യം സാധിക്കാവുന്ന
ശൗചാലയങ്ങളെ അയാൾ കൊതിയോടെയോർത്തു.

ബാല്യങ്ങളിൽ ഭാരമിറക്കിയ  വിശാല മൈതാനങ്ങളും,
ശുദ്ധി നൽകിയ നാട്ടുകുളങ്ങളും മനസ്സിൽ കുളിർമഴയായി.

മുൻപ് എപ്പോഴോ,, അതോ  യാത്രയിലെവിടെയോ, കയറികൂടിയ
ചിന്താ മാലിന്യങ്ങളുള്ളിലിരുന്നയാളെ പിന്നെയും വീർപ്പുമുട്ടിച്ചു.

ഇനിയുമൊരു മാത്രയധികം കൂടെ പിടിച്ചുനിൽകാനാവില്ലെ-
-ന്നറിഞ്ഞയാൾ, ഒരു ഡബിൾ ബെല്ലോടെ ആ യാത്രയാവസാനിപ്പിച്ചു.

ചാടിയിറങ്ങി, ഭാരമിറക്കാനയാളുടനെ ശൗചാലയങ്ങളും
മൈതാനങ്ങളും തിരഞ്ഞു; കിഴക്കൊരു വിശാലമായ മാന്തോട്ടം...

മുന്നിലെ വിശാലതയിൽ, ഒരുമാവിൻ മറയിൽ, കാടിനോടും
കിളികളോടും മരങ്ങളോടും സൊറ പറഞ്ഞയാൾ ശൗച്യം ചെയ്തു.

ഉള്ളിലെ മാലിന്യമൊഴുക്കി, മനസ്സൊരുക്കി, പുഴയുടെ
തണുപ്പിലേക്കയാൾ, മനശ്ശാന്തിയോടെ പതുകെയിറങ്ങി..



കവിത

# കണ്ണട

കണ്ണിനഴകായി
പല രൂപങ്ങളിൽ ഞാൻ വിരിയുന്നു,
ഇരുകാൽ ജീവിയായി നടന്നു പോകുമ്പോൾ
ഇരുകാതുകളുടെ അരികിൽ ഞാൻ നിലയുറപ്പിക്കുന്നു.
എന്നെ ധരിക്കുന്നവന്റെ പുറകിലിരുന്ന്
നയനങ്ങൾ ചിലപ്പോൾ വിഷമിക്കുന്നു,
പുതിയ വെളിച്ചത്തോട് പൊരുത്തപ്പെടാൻ
അവയ്ക്ക് കുറച്ചു സമയം വേണ്ടിവരും.
പൊരുത്തപ്പെടാൻ പ്രയാസപ്പെട്ടാലും
കാഴ്ചയുടെ ലോകം ഞാൻ തുറക്കുന്നു,
മങ്ങിയ ദൂരങ്ങളെ അടുത്താക്കി
സ്വപ്നങ്ങളെ കൂടുതൽ വ്യക്തമാക്കുന്നു
പുറമേ പലരുടെ കണ്ണുകളിൽ
ഞാൻ ഒരു മനോഹര ജീവി,
ശൈലിയുടെയും സൌന്ദര്യത്തിന്റെയും പ്രതീകം
ഒരു ചെറു അഭിമാനത്തിന്റെ നിറം
അഴകിന്റെ ചെറിയൊരു അത്ഭുതം,
നിന്റെ കണ്ണുകളുടെ കൂട്ടായി ഞാൻ നിലനിൽക്കും




**റോണി തോമസ് കീക്കുളത്ത്**

# ശ്രീകൃഷ്ണലീലകളുടെ പൊരുൾ തേടി



അജിത രാജൻ

**വാ**യന ചിലപ്പോൾ അറിവ് മാത്രമല്ല നൽകുന്നത് അത് മനസ്സിനെ ശാന്തമാക്കുകയും ആത്മാവിനെ സ്പർശിക്കുകയും ചെയ്യുന്നു. ശ്രീമതി. ശ്രീദേവി അമ്പലപുരത്തിന്റെ 'ശ്രീകൃഷ്ണ ലീലാമൃതം' അത്തരത്തിൽ ഭക്തിയും സ്നേഹവും ജീവിതമൂല്യങ്ങളും ചേർന്നൊരു അനുഭവമായി വായനക്കാരുടെ മുന്നിലെത്തുന്ന കൃതിയാണ്. 'ശ്രീകൃഷ്ണ ലീലാമൃതം' എന്നപേരു കണ്ടപ്പോൾ അത് വെറുമൊരു പുരാണ പുസ്തകമായേ തോന്നിയുള്ളു. വായിച്ചുതുടങ്ങിയപ്പോഴാണ് പുസ്തക രചയിതാവായ ശ്രീമതി. ശ്രീദേവി അമ്പലപുരം എത്രമാത്രം പഠനങ്ങൾ നടത്തിയാണ് ഈ ഗ്രന്ഥമെഴുതിയതെന്ന് മനസ്സിലായത്. ഭാരതത്തിന്റെ സനാതന സംസ്കൃതി ലോകം ആദരവോടെ ഉറ്റുനോക്കുകയും ഉൾക്കൊള്ളാൻ ശ്രമിക്കുകയുംചെയ്യുന്ന കാലമാണല്ലോ. ഇതിനുകാരണം ഒരു പരിധിവരെയെങ്കിലും, ആധുനികലോകം കണ്ടുപിടിച്ച ശാസ്ത്രതത്ത്വങ്ങളൊക്കെത്തന്നെ യുഗങ്ങൾക്കു മുൻപ് ഇരുളടഞ്ഞ കാടുകളിൽ വസിച്ചിരുന്ന ഋഷിവര്യന്മാർ മനസ്സിലാക്കി, അതിന്റെ വെളിച്ചത്തിൽ പ്രായോഗിക ജീവിതത്തിനാവശ്യമായ കാര്യങ്ങൾ പ്രതീകാത്മകമായി അവതരിപ്പിച്ചു എന്നുള്ളതാണ്.വേദോപനിഷത്തുകളും പുരാണേതിഹാസങ്ങളും ഇത്തരത്തിലുള്ളതാണല്ലോ. പ്രതീകങ്ങളിലൂടെ ഗോപ്യമായി അവതരിപ്പിച്ചതിനാൽ പുരാണേതിഹാസ കഥകൾ പലരേയുംപോലെ എനിയ്ക്കും പല തെറ്റിദ്ധാരണകളും ഉണ്ടാക്കിയിരുന്നു. അതുകൊണ്ടുതന്നെ നമ്മുടെ ശരിയായ അറിവിന്റെ അഭാവത്തിൽ പല അപവാദങ്ങൾക്കും പാത്രമാവേണ്ടിവന്ന അവതാരമാണ് ശ്രീകൃഷ്ണഭഗവാൻ എന്നത് ഈ പുസ്തകത്തിന്റെ വായനയ്ക്കു ശേഷമാണ് ഞാൻ പൂർണ്ണമായും മനസ്സിലാക്കുന്നത്. അദ്ദേഹത്തിന്റെ കുട്ടിക്കാലത്തെ മോഷണങ്ങളും, ഗോപസ്ത്രീ വസ്ത്രാപഹരണ



വും പ്രസിദ്ധമായ രാസക്രീഡയും നരകാസുരന്റെ തടങ്കലിൽ കിടന്ന പതിനാറായിരം സ്ത്രീകളെ സ്വീകരിച്ചതുമെല്ലാം ഇന്നും പലർക്കും അക്ഷന്തവ്യമായ തെറ്റും അധർമ്മവുമാണ്. ഭഗവാനിൽ ഇത്തരം കുറ്റങ്ങൾ ആരോപിക്കുമ്പോൾ മറുപടി പറയുവാൻ എനിക്കും അറിയില്ലായിരുന്നു. ഇതിന്റെയൊക്കെ പിന്നിലൊളിഞ്ഞിരിക്കുന്ന, ഭാരതസംസ്കാരത്തിന്റെ സനാതന ധർമ്മത്തിന്റെ കാതൽ ഈ പുസ്തക വായനയിൽ നമുക്ക് കാണാനാവും.

അതിശ്രേഷ്ഠവും ജീവിതത്തിൽ പ്രായോഗിക മാക്കേണ്ടതും നമ്മെ ജീവിത ലക്ഷ്യത്തിലെത്തിക്കുന്നതുമായ തത്ത്വങ്ങൾ ശ്രീകൃഷ്ണലീലകൾക്കു പിന്നിലുണ്ട്. ആ തത്ത്വങ്ങളെ വളരെ ലളിതമായി സംശയങ്ങൾക്കിട നൽകാത്ത വിധം വിവരിക്കുകയാണ് ശ്രീകൃഷ്ണ ലീലാമൃതം എന്ന പുസ്തകത്തിൽ. നമ്മൾ സാധാരണക്കാർ ഗ്രഹിക്കാത്ത, എന്നാൽ നമ്മുടെ സനാതന ധർമ്മത്തിന്റെ ജീവനാഡിയായ പലകാര്യങ്ങളും ശ്രീദേവി ടീച്ചർ ഈ ഗ്രന്ഥത്തിൽ ഉൾകൊള്ളിച്ചിട്ടുണ്ട്.

ഉണ്ണിക്കണ്ണന്റെ ലീലകൾ മുതൽ ആത്മീയമായ സന്ദേശങ്ങൾവരെ ലളിതവും ഹൃദയസ്പർശിയുമായ ഭാഷയിൽ ഈ പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നു. ഓരോ തരംഗ ത്തിലൂടെയും കൃഷ്ണഭക്തിയുടെ മാധുര്യം നിറഞ്ഞ സ്നേഹഭാവം വായനക്കാരിലേയ്ക്ക് എത്തിച്ചിരിക്കയാണിവിടെ എഴുത്തുകാരി.

പൂതന അമ്പാടിയിലേയ്ക്ക് എന്ന ഭാഗത്ത് ബാലനായ കൃഷ്ണന്റെ ദിവ്യശക്തിയും നിഷ്കളങ്കതയും നിറഞ്ഞ സംഭവവികാസങ്ങളോടൊപ്പം നാം ജീവിതത്തിൽ പകർത്തേണ്ട വലിയൊരു തത്ത്വത്തെ കൂടി ഉൾപ്പെടുത്തുന്നുണ്ട്. ദേഹോഹബുദ്ധി, രാസലീല എന്നീ തരംഗങ്ങളിൽ ജീവിതലക്ഷ്യപ്രാപ്തി കൈവരിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുന്നു.

എഴുത്തുകാരിയുടെ ഭാഷ ലളിതവും ഭാവപൂർണ്ണവുമാണ് . വായനക്കാർക്ക് ഓരോതരംഗവും ബുദ്ധിമുട്ടില്ലാതെ മനസ്സലാകുന്നരീതിയിൽ അവതരിപ്പിച്ചിരക്കുന്നത് ഈ കൃതിയുടെ സവിശേഷതയാണ്. കണ്ണന്റെ ഓരോ ലീലയും കൺമുന്നിൽ നടക്കുന്നതുപോലെയാണ് അനുഭവപ്പെടുക! ലളിതമായഭാഷയും ഭക്തിനിറഞ്ഞ അവതരണവും ഈ കൃതിയുമായി വായനക്കാരെ ബന്ധിപ്പിക്കുന്നു. പ്രത്യേകിച്ച് പൂതന അമ്പാടിയിലേയ്ക്ക് എന്ന തരംഗം വായിക്കുമ്പോൾ ഉണ്ണിക്കണ്ണന്റെ ദിവ്യശക്തിയും നിഷ്കളങ്ക ബാലഭാവവും മനസ്സിൽ മായാതെ നിൽക്കുന്നു. പൂതനയുടെ വരവും കൃഷ്ണനുമായി ബന്ധപ്പെട്ട സംഭവങ്ങളും ശ്രീദേവി ടീച്ചർ വളരെ ഭാവാത്മകമായി അവതരിപ്പിച്ചിരിക്കുന്നു. ഭക്തിയോടൊപ്പം ലളിതമായി ആശയങ്ങൾ വിവരിച്ചിരിക്കുന്നത് ഈ കൃതിയുടെ എടുത്തുപറയേണ്ട മറ്റൊരു സവിശേഷതയാണ്.

ശ്രീകൃഷ്ണൻ ഓരോ അസുരനേയും വധിക്കുന്നത് ഓരോരോതരത്തിലാണ്. അതിന്റെ പിന്നിലുമുണ്ട് തത്ത്വങ്ങൾ. ചുരുക്കത്തിൽ ഭഗവാന്റെ ജനനം മുതൽ സ്വർഗ്ഗാരോഹണംവരെയുള്ള എല്ലാ ചെയ്തികൾക്കും പിന്നിലുള്ള സന്ദേശങ്ങൾ നമുക്ക് ജീവിതത്തിൽ പ്രായോഗികമാക്കേണ്ടതാണ്. ജീവിതം സന്ദേശമാക്കിയ ഭഗവാൻ കൃഷ്ണൻ ലോകഗുരുവാണല്ലോ. വരും തലമുറയ്ക്ക്, പ്രത്യേകിച്ചും സാധാരണക്കാർക്ക് ഈ ഗ്രന്ഥവായന വളരെയധികം ഉപകാരപ്രദമാകുമെന്നതിൽ സംശയമില്ല. ജീവിതത്തിന് ദിശാബോധമേകുന്നു എന്ന് മാത്രല്ല മറ്റുമതസ്ഥർ പുരാണേതിഹാസങ്ങളിലെ പലതിനെക്കുറിച്ചുമാരോപിക്കുന്ന അപരാധങ്ങൾക്ക് തക്കമറുപടി പറയാൻ സാധിക്കുകയും ചെയ്യുന്നു.

ഡോ പി . കൃഷ്ണൻ നായരുടെ അവതാരികയാൽ അനുഗ്രഹീതമായിട്ടുള്ള ഈ പുസ്തകം,

പുരാണ ഗ്രന്ഥപ്രസാധനത്തിൽ പ്രസിദ്ധിയുള്ള സമ്രാട്ട് പബ്ലിക്കേഷൻസാണ് ഇറക്കിയിരിക്കുന്നത്. ശ്രീകൃഷ്ണലീലാതത്ത്വങ്ങൾ തേടിയുള്ള ശ്രീദേവി അമ്പലപുരത്തിന്റെ യാത്ര വിഫലമാവില്ലെന്ന് നിസ്സംശയം പറയാം.




### കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച





എംറിൻ റോസ് N. J, 6- ക്ലാസ്,
സേക്രഡ് ഹാർട്ട് സ്കൂൾ, തൃശൂർ



**അലോണ ഉല്ലാസ്,** 7 Std,
ശ്രീ ശ്രീ ജ്ഞാനമന്ദിർ, പുലിക്കടവ്
ബളാംതോട്, കാസർക്കോട്



**സൗരവ് എം.കെ,** 6th std
ശ്രീ വ്യാസ വിദ്യാനികേതൻ
പുഴങ്കര-എരമംഗലം

## കവിത

# കാറ്റ് പഠിപ്പിച്ച പാഠം

സായാഹ്നത്തിൽ കാറ്റിൻ കുളിരറിയാൻ ഞാൻ
പുഴക്കര ലക്ഷ്യം വെച്ചു.
അവിടിരുപ്പ് തുടർന്നതും കാലാവസ്ഥ ക്ഷുഭിതനായി
പുഴയിലെൻ ആനനം ഛായം കാണിക്കാനാശിച്ചു.
തല താഴ്ത്തി നോക്കവേ,
ഭൂമി ചുറ്റാൻ വന്ന കാറ്റാ ജലത്തെ ഇളക്കിപ്പാഞ്ഞു.
അൽപമേ ക്ഷമ നശിച്ച ഞാനെൻ
ആനനം വീണ്ടും താഴ്ത്തി
അന്നേരവും കാറ്റാ ജലത്തെ ഇളക്കിപ്പാഞ്ഞു.
ക്ഷമവിട്ടയെൻ കണ്ണിൽ ദേഷ്യത്തിന് സിരകൾ ചുവന്നു
വീണ്ടുമതാവർത്തിക്കവെ, വീണ്ടുമാ മന്ദമാരുതൻ
ജലം തൊട്ടു പാഞ്ഞു
നിശബ്ദതയുടെ അന്തരീക്ഷത്തിലെൻ
ആക്രോശം മുഴങ്ങി
ഒടുവിൽ, ഞാനാ യാഥാർഥ്യം മനസ്സിലാക്കി
ക്ഷമയെന്ന ആയുധമേന്തി എന്നാശക്കായ് പൊരുതണമെന്ന് .
ദേഷ്യത്തെ ക്ഷമയിലലിയിച്ചു ഞാനെൻ
ആശയിലേക്ക് തല താഴ്ത്തി.
ഒടുവിലാ ക്ഷമയുടെ ശക്തിയാലെൻ വദനം
ഞാൻ മതിവോളം കണ്ടാസ്വദിച്ചു
അന്ന് സായാഹ്നത്തിൽ ഞാൻ ക്ഷമയനുഭവിച്ചറിഞ്ഞു
ആ വന്നത് വെറുമൊരു കാറ്റായിരുന്നില്ല,
പ്രകൃതിയെന്നെ പഠിപ്പിക്കാൻ വിട്ട മന്ദമാരുതനായിരുന്നു.

**ദാരിഫ്**
ശംസുൽ ഹുദാ അക്കാദമി, കുറ്റിക്കാട്ടൂർ
ക്ലാസ് 8, കോഴിക്കോട്

## കവിത

# സ്കൂൾ തുറക്കുന്ന ദിവസം

ഇന്ന് ഞാൻ
സ്കൂളിലേക്ക് ചെല്ലും
വേനൽ മഴയിൽ
തളിർത്ത ഓർമകൾ
എന്നെ എത്തിയെത്തി
നോക്കും..
കാറ്റിനോട് കൂട്ടുകൂടി
കറങ്ങി നടക്കുമ്പോൾ
കഴിച്ച ഉപ്പുമാവിന്റെ മണം
ഓടിയെത്തി
എന്നെ കെട്ടിപ്പിടിക്കും..
പൊട്ടി വീഴാറായ
അമ്മൂമ്മ ബെഞ്ചുകൾ
എന്നെ നോക്കി
കളിയാക്കി ചിരിക്കും..
ഒരു കുടയും
മറ്റനേകം കുടകളും
തമ്മിലിന്ന്
പ്രേമിച്ച് തുടങ്ങും
മുനമാറ്റിപ്പെൻസിലുകൾ
വീണ്ടും വീണ്ടും
ഗർഭം ധരിക്കും

ആരിഫാക്കാന്റെ കടയിലെ
തേനൊലി ഓർമകളിൽ
കസേരയിട്ടിരിക്കും
കഞ്ഞി വെള്ളത്തിലൂടെ
ജീരക സോഡ
എന്നോട് മിണ്ടാൻ വരും
ഉമ്മയിന്നെന്നെ ചോറിനു വിളിക്കില്ല
അതിനാൽ
കഞ്ഞിപ്പുരയോട് ഞാൻ
വീണ്ടും പ്രണയത്തിലാകും

കഞ്ഞിപ്പുരയിലെ താത്താന്റെ മുഖം ഉമ്മാന്റെ പോലെ തോന്നുന്നല്ലോ..
മടികൂടാതെ ഞാനിനിയും വരും
കാരണം
ഉമ്മാക്കിഷ്ടം സ്കൂളിലേക്ക് പോകുന്നതാ...

**മുഹ്സിൻ എം.കെ**
8 Std, ദാറുൽ ഉലൂം ഹുദവി കാമ്പസ്,
തൂത, മലപ്പുറം

## പുഴയുടെ വിലാപം

പുഴ തൻ കളകള ശബ്ദം കാതുകളിൽ മുഴങ്ങവേ
എൻ മനസ്സിൽ
പുഴ തൻ
വിലാപം പോലെ പതിഞ്ഞു.

**ആരാധ്യ വർമ്മ സി.കെ**
7 A ANMMUPS തളി

## കിളി രക്ഷപ്പെട്ടേ

ഒരിക്കൽ ബാബു കുട്ടൻ വീട്ടിലേക്ക് പോവുകയായിരുന്നു. അപ്പോൾ വഴിയിൽ വലയിൽ ഒരു കിളി കുടുങ്ങി കിടക്കുന്നത് കണ്ടു.
എങ്ങനെയാണ് നീ വലയിൽ കുടുങ്ങിയത്? ഞാനും കൂട്ടുകാരും ഭക്ഷണം അന്വേഷിച്ച് വരുമ്പോൾ ഒരു വികൃതി ചെറുക്കൻ എന്നെ വലയിൽ കുടുക്കിയതാണ്. എന്നെ രക്ഷിക്കണേ.. ബാബു വേഗം കത്തിയെടുത്ത് വല മുറിച്ച് കിളിയെ രക്ഷിച്ചു. കിളി സന്തോഷത്തോടെ പറന്നു.

**ദ്വിവിക് വർമ്മ സി.കെ**
3 A ANMMUPS തളി





**സാത്വിക് കൃഷ്ണ ടി. എൻ,** 1 Std,
എസ്.ഡി.എസ്.എൽ.പി സ്കൂൾ, വെളപ്പായ